Jagathy Sreekumar
ജഗതി ശ്രീകുമാർ








Mamu Koya
മാമു കോയ










Franko
ഫ്രാങ്കൊ

Sangeetha Madhav
സംഗീത മാധവ്



# മാറുന്ന നാട്

ശൈലജാ വർമ്മ

അയ്യയ്യോയിതു എന്തു വിചിത്രം
നെടുമ്പാശ്ശേരി വിമാനത്താവളം
നിര നിര ഫോറിൻ കാറുകൾ പിന്നെ
"ടെമ്പോ ട്രാവൽ", "ക്വാളിസു" വേറെ
റോഡുകൾ നിറയെ "ഫോർഡും"
"ബെൻസും"
തിങ്ങിനിറഞ്ഞങ്ങൊഴുകി നടക്കണു.
നമ്മുടെ വണ്ടി, ജനകീയ വണ്ടി
"അംബാസഡറിനെ"
ആർക്കും വേണ്ട.
അച്ഛനുമമ്മേം കുഞ്ഞും കൂടിയ
കുട്ടിക്കുടുംബോം
"മാരുതി" കാറും
മുക്കിനു മുക്കിനു കാപ്പിക്കടപോൽ
ഇൻെറർനെറ്റും ടെലഫോൺ ബൂത്തും
സീരിയൽ കണ്ടു മിഴിക്കും ജനത്തിനു
മിണ്ടാൻ പോലും നേരമില്ലാതായ്.
എൺപതു കഴിഞ്ഞൊരു മുത്തശ്ശിക്കും
നോട്ടം എപ്പൊഴും ടി.വി. യിൽ തന്നെ
രാമാ... കൃഷ്ണാ... ജപിക്കുമ്പോഴും
ടി.വി. പ്രോഗ്രാം കാണുകവേണം
എട്ടുവയസ്സുള്ള കുഞ്ഞിക്കണ്ണന്
മോഹൻലാലിൻെറ വേഷം കെട്ടണം
സ്ക്കൂളിൽ കോളജിൽ നഴ്സറികളിലും
മുഴുവൻ സിനിമതൻ മായാജാലം.
യൂത്ത് ഫെസ്റ്റിവലിനു പോയെന്നാലോ

ചങ്കു കലങ്ങിത്തിരികെപ്പോരാം.
"ഡിസ്ക്കി" ൽ ഇംഗ്ലീഷ് പാട്ടും കേട്ട്
ചെത്തി നടക്കും യുവജനമിപ്പോൾ
"പ്ലസ് ടൂ" കഴിഞ്ഞാൽ ചാടണം പുറത്ത്
വിദ്യാഭ്യാസം ഫോറിനിൽ തന്നെ.
പേരക്കിടാവു പിറന്നെന്നാലോ
അമ്മയ്ക്കസുഖം പിടിപ്പെട്ടാലോ
"ഹോം നഴ്സു" കളെത്തന്നെ കിട്ടണം.
ഉടനെത്തേടും "ഏജൻസി" കളെ.
ഉണ്ണിക്കുട്ടനെ ലാളിക്കാനും
പെറ്റമ്മയ്ക്കൊരു താങ്ങാകാനും
സ്വന്തം കൈയ്യുകൾ തന്നെപ്പോരേ

എന്തിനു വേറേ നൂലാമാലകൾ
കുഞ്ഞരി പ്രാവിൻെറ കുട്ടിക്കുറുകലും
കുഞ്ഞിളം കാറ്റിൻെറ തൊട്ടുതലോടലും
പച്ചക്കിളികൾ തൻ ശബ്ദമേളങ്ങളും
പച്ചിലപ്പടർപ്പിൻ കാനന ഭംഗിയും
ചേമ്പിന്നിലയിൽ തിളങ്ങുന്ന മുത്തുമായ്
ചാരത്തണയുന്ന ചാറ്റൽമഴകളും
പൊട്ടിച്ചിരിക്കുന്ന പൂഞ്ചോലകൗതുകം
പൊട്ടിച്ചിതറിത്തെറിക്കും തിരകളും
നക്ഷത്രക്കൂട്ടവും തിങ്കൾ നിലാവും
നല്ലൊരാ വൃശ്ചികക്കാറ്റും കുളിരും
മുത്തശ്ശി തൻെറ പാട്ടിൻെറയീണത്തില-
മൃതായ് പ്പൊഴിയുമാ ഗ്രാമപ്പഴമയും.
എങ്ങുപോയെങ്ങുപോയെങ്ങുപോയൊളിച്ചു
എങ്ങാനുമാരാനും കണ്ടവരുണ്ടോ
എങ്ങെങ്ങോ തേടിയലഞ്ഞു ഞാൻ
എങ്ങെങ്ങോ തിരഞ്ഞു നടന്നു ഞാൻ
കണ്ടതേയില്ലയൊരേടത്തുമെൻെറ
കാനന ശ്രീയെഴും ഗ്രാമീണ ഭൂവിനെ

> വിദ്യാഭ്യാസ സാമൂഹിക രംഗങ്ങളിൽ മുൻനിരയിൽ നിൽക്കുന്ന കേരളം, സാങ്കേതികരംഗത്തും അതിദൂരം മുന്നോട്ട് എത്തിയിരിക്കുന്നതു കാണുമ്പോൾ അഭിമാനം തോന്നുന്നുണ്ട്. എങ്കിലും, പണ്ടത്തെ ഗ്രാമീണ നിഷ്കളങ്കത കേരളജനതയ്ക്കു നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണോ എന്നൊരു സംശയം.

## *Scenes from Kerala Foodfair & Children's Day held at Singapore Kerala Association premises*





Kerala
Food Fair







Children's
Day @ SKA





# Scenes from Singapore Kerala Association participation at the "Fiesta Singapore" organised by People's Association and held at Sentosa on March 16, 2003












# 30 years of Retail Excellence

A byword for fair price

Department store, jeweler, pharmacy, supermarket, forex, travel, hotel and much more...

Over 100,000 products at affordable price range!

Now store open for 24 hours!




*Now selling quality foodstuffs that Malayalees love! Come & Enjoy!*

MUSTAFA
SINGAPORE
Web: www.mustafa.com.sg

*Mohamed Mustafa & Samsuddin Pte. Ltd.*
*Mustafa Centre, 145 Syed Akwi Road, level 3, Singapore 207704*
*Tel: 6295 5855 Fax: 6295 5866 www.mustafa.com.sg*



The family of people that we support



keeps growing from



strength to strength.

SINGAPORE POOLS

*Towards Community Purpose and Benefit*

To find out how we contribute to Sports, Charity and the Community, visit www.singaporepools.com.sg



# മരവിക്കുന്ന നിഴലുകൾ

ബോണി. ജെ. ആനിക്കാട്

വരണ്ടൊരകിട്ടിൽ നിന്ന്
ചെറുതായിടിച്ചൊരിത്തിരി
പാലിനായ് കെഞ്ചും കിടാവിൻ
നിരാശയിൽ നിന്നും
മുറിഞ്ഞ വൃക്ഷത്തിൻെറ ഒടിഞ്ഞ കമ്പിൻ
കീഴിലെങ്ങോ ഞെരിഞ്ഞൊരോമൽ
കിളിക്കുഞ്ഞിനായ്ക്കേഴും
അമ്മ തൻ ദുഃഖവും.
മെലിഞ്ഞൊരസ്ഥി പോലെയീ ഞാൻ
ചെലമ്പിച്ച ശബ്ദത്തിൽ
ഏതോ പഴങ്കഥ പറഞ്ഞു കൊണ്ടൊഴുകും
ഈ പുഴയുടെ നെഞ്ചിൻ കിതപ്പിനിന്നും
ഒരിറ്റ് ആശ്വാസത്തിനായി കേഴും
എൻ ആത്മാവിൻ രോദനവും
എന്നെ ചപലനാക്കുന്നു.
അക്ഷരം മായിക്കും കടലല്ല.
അറിയാതെ അക്ഷരം
കോർത്തു പോം അസ്തമനമിത്.
ഇഷ്ടമിറ്റുന്ന മനസ്സിൻെറ മുദ്രയും
കവിത കൊത്തുന്ന നീയും...
ഇതു മാത്രമായിരുന്നു എൻെറ സ്വപ്നവും.
പക്ഷേ...
എല്ലാമമൃതാക്കും നിൻെറ ഓർമ്മയിൽ നിന്ന്
എൻെറ രുചി പാടേയകന്ന പോലെ
മെല്ലെയെൻ ചാരത്തു ചായും നിൻ മേനിയെ
എൻ തൽപമൊട്ടറിയാത്ത പോലെ
നമ്മളന്യോന്യം പകർന്ന സംഗീതിക
നമ്മുടെ വേദനയാകും പോലെ...
എന്നു തുടങ്ങിതെന്നൊടുങ്ങുമിതെന്നറിയാത്ത
പ്രപഞ്ചം പോലെ
പ്രിയേ ഇനി
നിനക്കിവിടെ കാണുവാൻ
മറവിയുടെ മരവിച്ച നിഴലുകൾ മാത്രം



# മാത്തച്ചൻെറ ഉയിർത്തെഴുന്നേൽപ്പ്

ടി. എസ്. വിജയൻ

കവല മുതൽ മാത്തച്ചൻെറ വീട് വരെയുള്ള നിരത്തു മുഴുവൻ ദുഃഖം തളം കെട്ടി നിന്നു. മാത്തച്ചൻെറ ഭാര്യ മോളിയുടെ ചങ്കു പൊട്ടിയുള്ള വിലാപം ഏങ്ങലടിയായി മാറിയിട്ട് ഏറെ നേരമായിട്ടില്ല.

പ്രധാന വീഥിയോടു ചേർന്നു നിലകൊള്ളുന്ന അരമതിലു മുതൽ പിൻഭാഗത്തുള്ള വേലിക്കെട്ടു വരെ ഒറ്റയായും കൂട്ടമായും നിന്ന നാട്ടുകാർക്ക് ഒറ്റ അഭിപ്രായമേ ഉള്ളൂ.

"മാത്തച്ചൻ നല്ലവനായിരുന്നു."

ആ അഭിപ്രായത്തിനൊരു മൂകസാക്ഷി പോലെ തുറന്നിരിക്കുന്ന ശവപ്പെട്ടിയ്ക്കരികെ കരിവീട്ടിയിൽ തീർത്ത ശില പോലെ മലർന്നു കിടക്കുകയാണു മാത്തച്ചൻ.

അല്ല, മാത്തച്ചൻെറ ജീവനറ്റ ശരീരം. ഒറ്റ നോട്ടത്തിൽ ഒരു പോത്താണോ എന്നു സംശയിച്ചു പോകുന്നതിനാലാവണം വെട്ടുപോത്തു മാത്തനെന്നൊരു രഹസ്യപ്പേര് മാത്തച്ചനുണ്ടായിരുന്നത്.

"നല്ലവനായിരുന്നു... നല്ലവനായിരുന്നു.",

ഈ മർമ്മരം എല്ലാ ചുണ്ടു കളിലും അലതല്ലുന്നുണ്ടായിരുന്നു. വികാരിയച്ചൻ ബൈബിൾ വായിച്ചു കൊണ്ടിരുന്നു. താന്താങ്ങൾ കെട്ടിവന്ന വേഷവിധാനങ്ങളിൽ മറ്റുള്ളവർ ശ്രദ്ധിക്കുന്നുണ്ടോ എന്നതു ഗൗനിക്കാത്ത ഭാവത്തിൽ സ്ത്രീകൾ നിന്നിരുന്നു. അവരുടെ മുഖങ്ങളിൽ ദുഃഖമോ, ദുഃഖാഭിനയമോ എന്നറിയാത്ത ഒരു ഭാവം തളം കെട്ടി നിന്നു.

ഒരേ ശൈലിയിൽ തുടർച്ചയായി കേട്ടുവരുന്ന ബൈബിൾ വരികളിലെ വിരസത മരണദുഃഖത്തേക്കാൾ കഠിനമായതിനാലാവണം പലരും വേലിപ്പടിയ്ക്കലോ കുളക്കടവിലോ പോയി നിന്നു. സംസാരങ്ങളിൽ അബദ്ധവശാൽ പോലും ഫലിതമോ പൊട്ടിച്ചിരിയോ വരാതെ സൂക്ഷിക്കു ന്നുണ്ടായിരുന്നു നാട്ടുകാർ.

വിരസതയ്ക്ക് ഒരു അറുതി വരട്ടെ എന്നു വിചാരിച്ചാകണം, വികാരിയച്ചൻ പെട്ടെന്നു ബൈബിൾ മടക്കിവച്ചിട്ട് മാത്തച്ചനെ വാ തോരാതെ വാഴ്ത്തി ത്തുടങ്ങി.

മാത്തച്ചൻ നല്ലവനായിരുന്നു. നല്ലവരിൽ നല്ലവൻ. കഠിന ദുഃഖമോ, വളരെ സന്തോഷമോ ഉള്ള വേളകളിൽ മാത്രം മദ്യപിക്കും. ഇതിലേതെങ്കിലും ഒന്നില്ലാത്ത ദിവസമില്ലെന്നതു മാത്തച്ചൻെറ കുറ്റമല്ല. മദ്യപിക്കുമെന്നല്ലാതെ ഒരുപാടു മദ്യപിക്കുന്ന ആളെന്നും പറഞ്ഞുകൂട. അൽപം മാത്രം. കാൽവഴുതാത്ത അളവിൽ. എന്നിട്ടും കാൽ വഴുതി പ്പോകുന്നത് മാത്തച്ചൻെറ കുറ്റമാകുന്ന തെങ്ങനെ? മദ്യപിച്ചു വരും വഴിയ്ക്കെ ങ്ങാനും വികാരിയച്ചനെ കണ്ടാൽ തലക്കെട്ടഴിച്ച് അരക്കെട്ടാക്കി കൈകൾ കൂപ്പി നിൽക്കും. കാര്യം മനസ്സിലാക്കി ഊറിച്ചിരിയോടെ അച്ചൻ സ്ഥലം വിടും.

അടുത്ത ദിവസം കൃത്യമായി അച്ചനെ കണ്ടു കാൽക്കൽ വീണു മാപ്പു പറയും. പള്ളിയിൽ പോക്കും കുമ്പസാരവും മുടക്കാറില്ല. കുമ്പസാരക്കൂട്ടിൽ ആഴ്ച്ചതോറും വന്നു പ്രായശ്ചിത്തം തുടരും.

ഇടവകയിൽ പെട്ട ഏതെങ്കിലും വീട്ടിൽ മരണമോ കല്യാണമോ നടന്നാൽ വീട്ടുകാരെക്കാൾ ആത്മാർത്ഥത മാത്തച്ചനാണ്. പെരുന്നാളു തുടങ്ങിയാൽ അതു കഴിയും വരെ പള്ളിയാണു മാത്തച്ചൻെറ വീട്.

ഭാര്യയുടെ കെട്ടുമിന്നു വരെ പറിച്ചെടുത്തു പണയം വച്ചെന്നും, കള്ളു കുടിച്ച് എല്ലാം നശിപ്പിച്ചെന്നുമൊക്കെയുള്ള പരാതികളുണ്ട്. ചെയ്തതു തെറ്റായിപ്പോയെന്നു ബോധ്യപ്പെട്ട് അതിൽ മറ്റുള്ളവരെക്കാൾ ദുഃഖിക്കുന്നവനായിരുന്നു മാത്തച്ചൻ. മോളിക്കുട്ടിയുടെ അഞ്ചു പവൻ വിറ്റു തുലച്ചതിനു പകരം പത്തു പവൻ കാശുണ്ടാകുന്ന കാലത്ത് വാങ്ങണമെന്നായിരുന്നു പാവത്തിന്റെ ഏറ്റവും വലിയ ആഗ്രഹം.

വിധി അതിനനുവദിക്കാതെ മാത്തച്ചനെ കൂട്ടിക്കൊണ്ടു പോയ കഥ പറഞ്ഞപ്പോൾ വികാരിയച്ചനോടൊപ്പം നാട്ടുകാർ ഒന്നടങ്കം കണ്ണു തുടച്ചു. മോളിക്കുട്ടി ശക്തമായി ഒന്നേങ്ങലടിച്ചു.

മാത്തച്ചന്റെ ജീവനറ്റ ശരീരം മാത്രം ഒന്നും അറിയാതെ, അതേ കരിവീട്ടി ശില പോലെ, പല്ലിളിച്ചു, കണ്ണുമടച്ചു മലർന്നങ്ങിനെ കിടന്നു.

"അടുത്ത നടപടി കോർപ്പറേഷൻ ചെയർമാന് ബഹുജനങ്ങൾ ഒപ്പിട്ട ഒരു മെമ്മോറാണ്ടം സമർപ്പിക്കുക എന്നതാണ്", അച്ചൻ ഓർമ്മിപ്പിച്ചു.

കോർപ്പറേഷൻ അതിർത്തിയിലുള്ള മാത്തച്ചന്റെ കുടിലിനു മുന്നിൽ സിവറേജു വാട്ടർ ക്ലീൻ ചെയ്യുന്നതിനുള്ള ഒരു മാൻ ഹോളുണ്ട്. പത്തടിയിലേറെ ആഴമുള്ള ഈ ഹോളിൽ ഇതിനു മുമ്പ് ഒരു നായ വീണു ചത്ത ചരിത്രമുണ്ട്. മനുഷ്യജീവികളിൽ ആ യോഗം സിദ്ധിച്ച പുണ്യവാൻ മാത്തച്ചനാണെന്നു കവലയ്ക്കൽ എമ്പോക്കികൾ കമൻറു പാസ്സാക്കുകയുണ്ടായത്രേ.

വികാരിയച്ചൻ വികാരപൂർവ്വം നാട്ടുകാരോടു സംസാരിച്ചു. സിവറേജു ക്ലീൻ ചെയ്യാനോ മറ്റോ വന്നവർ ആ മൂടി ശരിയായി മൂടാതിരുന്നതു ഗുരുതരമായ കുറ്റമാണെന്നു നാട്ടുപ്രമാണിമാർ ഊന്നിപ്പറഞ്ഞു. രാത്രി, പതിവുപോലെ ഷാപ്പിലിരുന്നു സങ്കടമെല്ലാം തീർത്തിട്ടു വരും വഴി കാൽ തെന്നി, ആ ഹോളിൽ വീണാണു പാവം പരലോകഗതനായത്. മാത്തച്ചന്റെ കുടിലിനു മുന്നിൽ നിന്ന റോസാച്ചെടിയിൽ നിന്നും പൂ ഇറുക്കുകയായിരുന്ന കുട്ടിയെ അതിന്റെ തള്ള ഒരു വീക്കു വീക്കി. പിൻമുറ്റത്തു കളം വരച്ചു ഞൊണ്ടിക്കളിച്ചിരുന്ന കുട്ടികളെ കാരണവന്മാർ വിരട്ടി ഓടിച്ചു. ദുഃഖിയ്ക്കേണ്ട സമയത്തു ദുഃഖിക്കാതിരിയ്ക്കുന്നതിലെ അനൗചിത്യം കുട്ടികളോടു തള്ളമാർ പറഞ്ഞു കൊടുത്തു. മൗനവും ദുഃഖവും നിറഞ്ഞുനിന്ന മുറ്റത്തു നിന്ന് നാട്ടുകാർ മാത്തച്ചന്റെ ആത്മാവിനു വേണ്ടി പ്രാർത്ഥിച്ചു.

മാത്തച്ചന്റെ അനാഥമായ കുടുംബത്തോടു ഇടവകക്കാർ നീതികാട്ടണമെന്ന് വികാരിയച്ചൻ ഊന്നിപ്പറഞ്ഞു.

ചാകുന്നതിനു മുമ്പ് തലയിൽ കൈ വച്ചു മാത്തച്ചനെ ശപിച്ചിരുന്നവർ പോലും പറഞ്ഞു

"മാത്തച്ചൻ നല്ലവനായിരുന്നു"

"ഇത്ര മാത്രം കുടുംബത്തെ സ്നേഹിച്ചവൻ.."

വികാരിയച്ചൻ കണ്ണു തുടച്ചു.

"ഇത്ര പരോപകാരി..."

അച്ചൻ വികാര വിവശനായി.

പെട്ടെന്നാണ് ഒരേങ്ങിക്കരച്ചിൽ പിന്നിൽ നിന്നും കേട്ടത്. കരച്ചിൽ കേട്ട ഇടത്തേയ്ക്കു നോക്കിയ നാട്ടുകാർ പകച്ചു നിന്നു പോയി. അവിടെ, അതാ ...

കരിവീട്ടിയിൽ കടഞ്ഞെടുത്ത ബൊമ്മ പോലെ നിൽക്കുന്നു സാക്ഷാൽ മാത്തച്ചൻ. മാത്തച്ചനോ മാത്തച്ചന്റെ പ്രേതമോ?

നാട്ടുകാർ ഒന്നടങ്കം മാത്തച്ചൻ കിടന്ന ഇടത്തേയ്ക്കു നോക്കി. സംശയമില്ല. മാത്തച്ചൻ തന്നെ എഴുന്നേറ്റു വന്നു മുന്നിൽ നിൽക്കുന്നത്.

"അച്ചോ...",

മാത്തച്ചൻ ഏങ്ങിക്കരഞ്ഞു.

"നിങ്ങൾക്കൊക്കെ ഇത്രേം സ്നേഹം ഈ മാത്തനോടൊണ്ടെന്ന് ഇന്നലെ വരെ അറിഞ്ഞിരുന്നില്ല. ഇത്ര സ്നേഹം ഒള്ള നിങ്ങടെ എടേന്ന് കർത്താവത്ര എളുപ്പം മാത്തനെ പരലോകത്തേയ്ക്ക് കൊണ്ടു പോകുകേല അച്ചോ...",

അച്ചൻ അസ്വസ്ഥമായി ചിരിച്ചു. നാട്ടുകാർ വിശ്വസിക്കാനാകാതെ മിഴിച്ചു നിന്നു. പലരും ഒന്നും സംഭവിക്കാത്ത മട്ടിൽ തിരിഞ്ഞു നടന്നു. കീറപ്പായിലിരുന്നു ഏങ്ങലടിച്ചു കൊണ്ടിരുന്ന മോളി മാത്രം പിറുപിറുത്തു.

"മുതുകാലൻ ആ സിവറേജു ഹോളിലൊടുങ്ങിയതോടെ കള്ളു കുടിയ്ക്കാൻ കാശു കൊടുക്കാത്തതിനു തല്ലു കിട്ടുകേലല്ലോ എന്നാശ്വസിച്ചു. വെറുതെയായി. വിധവാ പെൻഷൻ കിട്ടി, റേഷനെങ്കിലും വാങ്ങാമല്ലോ എന്നു മോഹിച്ചു. അതും വെറുതെ. ആശുപത്രിച്ചിലവിനു നഷ്ടമായ അഞ്ഞൂറു രൂപായും ഡ്രെയിനേജുഹോളിന്റെ മൂടി മാറ്റുന്നതിനു കൂലിക്കാരനു കൊടുത്ത അമ്പതു രൂപായും കടം വരുത്തി വച്ചതു മിച്ചം.",



# കാഴ്ച്ചയിൽ പതിയാത്ത ചിത്രങ്ങൾ

എം. കെ. പോൾ

**സാർസ് പഠിപ്പിക്കുന്നത് ...**

ജീവിതം എത്ര നിസ്സാരമാണെന്ന് ഒരിക്കൽക്കൂടി പ്രകൃതി നമ്മെ ഓർമ്മിപ്പിക്കുകയായിരുന്നില്ലേ സാർസിലൂടെ? ശാസ്ത്രത്തിൻെറ നേട്ടങ്ങൾ നമ്മെ അഹങ്കരിക്കാൻ പഠിപ്പിച്ചു, സാർസ് നമ്മെ വിനയം പഠിപ്പിക്കുമെന്ന് കരുതാം. ഒരു പക്ഷെ പ്രകൃതിയുടെ സ്വയരക്ഷയ്ക്കുള്ള അവസാന ആയുധമാകാമിത്. ചൂഷണത്തിൻെറ എല്ലാ അതിരുകളും എന്നേ നമ്മൾ കടന്നു കഴിഞ്ഞു. ഈ ഭൂമി നമുക്കും ഒപ്പം മറ്റനവധി ജീവജാലങ്ങൾക്കും പങ്ക് വയ്ക്കാനുള്ള ഇടമായിരുന്നു എന്നതും നമ്മൾ മറന്നു.

മാധ്യമങ്ങൾ ഓരോ നിമിഷവും സാർസ് സ്ഥിതിവിവരക്കണക്കുകൾ നിരത്തുമ്പോഴും, അഭിമുഖങ്ങളിൽ സോപ്പിനും വിറ്റമിനുകൾക്കും വിപണി ഒരുക്കുമ്പോഴും സത്യം എവിടെയോ മറഞ്ഞു പോകുന്നു. സാർസ് ഗ്രാമങ്ങളിൽ പടർന്നു പിടിക്കുമ്പോഴും പുറം ലോകത്തെ അതിവിദഗ്ധമായി കബളിപ്പിച്ച ചൈന എന്താണ് നേടാൻ ശ്രമിച്ചത്?

മാസ്കുകളുടെ സുരക്ഷിതത്വത്തിലേക്ക് നമ്മൾ സ്വയം സമർപ്പിക്കുമ്പോഴും ഉള്ളിലെവിടെയോ ഒരു പേടി പതിയെ നാമ്പെടുക്കുന്നില്ലേ? അദൃശ്യനായ ഒരു കൊലയാളിയുടെ സാന്നിദ്ധ്യം ഇവിടെയുണ്ടെന്നത് ആരും നിരസ്സിക്കുമെന്ന് തോന്നുന്നില്ല. ഇപ്പോൾ ഞാനും നീയും നമ്മുടെ സംസ്കാരവും എല്ലാം ഒരു ശവപ്പെട്ടിയ്ക്കുള്ളിലാണ്, എപ്പോൾ വേണമെങ്കിലും അവസാനത്തെ ആണിയും തറയ്ക്കാൻ തയ്യാറായി അദൃശ്യരായ വൈറസ്സുകൾ...

എല്ലാറ്റിനും ഒടുവിൽ ആരും അധികം ശ്രദ്ധിക്കാത്തൊരു പ്രതികരണം മനസ്സിൽ തങ്ങി നിൽക്കുന്നു : "മനുഷ്യൻ ഈ ഭൂമിയിൽ ജീവിക്കാൻ പൊരുതുന്ന ഒട്ടനവധി ജീവജാലങ്ങളിൽ ഒന്നു മാത്രമാണ്. ഒരു പക്ഷെ വൈറസ്സുകൾക്കും ബാക്ടീരിയകൾക്കും നമ്മെക്കാൾ പ്രസക്തിയുണ്ടായിരിക്കാം..."

**മലയാളിയുടെ സന്ദേഹങ്ങൾ**

മലയാളികൾ എന്ന ജനസമൂഹം ഇന്നുണ്ടോ? മലയാളം സംസാരിക്കുന്നു എന്നല്ലാതെ കേരളത്തിലും വിദേശങ്ങളിലും വേരുകൾ നഷ്ടപ്പെട്ട ഒരു ജനത മരിച്ചു ജീവിക്കുന്നു എന്നതാണോ യാഥാർത്ഥ്യം? മലയാളം പഠിപ്പിക്കാത്ത വിദ്യാലയങ്ങൾ, മലയാളത്തിനോട് താൽപര്യമില്ലാത്ത കുട്ടികൾ, അടുക്കളയിൽ നിന്ന് അപ്രത്യക്ഷമാകുന്ന നാടൻ കറികൾ... പറഞ്ഞു പഴകിയ പരാതികൾ.

മലയാളി എന്ന നിർവ്വചനത്തിൽ മലയാളത്തിനെന്ന പോലെ തന്നെ പ്രാധാന്യമുള്ള ഒട്ടനവധി ചിഹ്നങ്ങൾ ഉണ്ടായിരുന്നു. കേരളത്തിൻെറ തനത് വാസ്തുവിദ്യകൾ, നാടൻ പാട്ടുകൾ, പാടങ്ങൾ, പുഴകൾ, മഴക്കാലം, മൺപാത്രങ്ങൾ, ആടിത്തിമർത്ത അവധിക്കാലം... ഞാനുൾപ്പെടുന്ന ഈ തലമുറയ്ക്കുപോലും ഇതെല്ലാം കേട്ടും വായിച്ചുമുള്ള അറിവുകളാണ്. സാമ്പത്തികമായ പുരോഗതിയെ നിർവ്വചിച്ചിടത്താവണം തെറ്റിപ്പോയത്. അല്ലെങ്കിൽ ഭൂരിഭാഗം ജനങ്ങളും മനസ്സിലാക്കിയ തെറ്റുകൾ തിരുത്തപ്പെടാതെ പോയതുമായിരിക്കാം. നമ്മുടെ ജീവിതത്തിൻെറ മാതൃകകൾ പാശ്ചാത്യ സംസ്കാരത്തിൽ നിന്നാണല്ലോ വന്നത്. പക്ഷെ എന്തിനായിരുന്നു നമ്മൾ കിഴക്കിനെ കടം കൊണ്ടത്?

ബ്രിട്ടീഷ് കൊളോണിയലിസത്തിനെ കുറ്റം പറയാം. ഗൾഫിൽ നിന്ന് ഒഴുകിയെത്തിയ എണ്ണ പ്പണത്തെ കുറ്റം പറയാം. ഏറ്റവും പുതിയതായി എം.ടി.വി.യെയും ടി.വി.സീരിയലുകളെയും കുറ്റം പറയാം. പക്ഷെ രാജഭരണത്തിലൂടെയും ജനാധിപത്യ ത്തിലൂടെയും കമ്മ്യൂണിസ്റ്റ്-സോഷ്യലിസ്റ്റ് ചിന്തകളി ലൂടെയും കടന്നു വന്ന ഒരു ജനത മറന്നു പോയ, അല്ലെങ്കിൽ മറക്കാൻ ആഗ്രഹിക്കുന്ന ഒരു കാരണം കൂടിയുണ്ടെന്ന് തോന്നുന്നു. ഇടതുപക്ഷ പ്രസ്ഥാന ങ്ങളിലുണ്ടായ സാസ്കാരിക അപചയം. അതല്ലേ കേരളം ആദർശങ്ങൾ ഉപേക്ഷിച്ച് മറ്റ് വഴികൾ തേടിയത്. കേരളത്തിലെ തൊഴിൽ മേഖലയെ നശിപ്പിച്ചതിനുപരി, മലയാളിയുടെ സാസ്കാരിക അധപതനത്തിനും ഇടതുപക്ഷ പ്രസ്ഥാനങ്ങൾ വഴി തെളിച്ചുവെന്നത് ആരും ഇതുവരെ ചർച്ച ചെയ്തതായി തോന്നിയിട്ടില്ല. അധികാരത്തിനു പിന്നാലെ പായുന്നവർക്ക് അതിനൊന്നും സമയമുണ്ടാവില്ലല്ലോ?

**സിനിമ : ഡാനി**

ഈയിടെയാണ് ടി.വി. ചന്ദ്രൻെറ ഡാനി കാണാൻ കഴിഞ്ഞത്. വൈകിയെങ്കിലും സമാന്തര സിനിമകൾ സിങ്കപ്പൂരിൽ കാണാൻ കഴിയുന്നത് ഒരു ആശ്വാസമാണ്. തട്ടുപൊളിപ്പൻ മസാലകൾക്കിടയിൽ , പൊതുജനത്തിൻെറ പ്രാക്കും കേട്ട് സമാന്തരസിനിമ ഒരിത്തിരി തെളിനീർ പോലെ വറ്റാതിരിക്കുന്നതും ഒരു ഭാഗ്യം.

പതിഞ്ഞ കാഴ്ച്ചകളിലൂടെയാണ് ഡാനി നമ്മിലേയ്ക്ക് വരുന്നത്. പാകമല്ലാത്ത കുപ്പായത്തിനു ള്ളിൽ സ്വന്തം ശരീരം തിരുകിക്കയറ്റാൻ ശ്രമിച്ച്, പരാജയപ്പെട്ട് ദയനീയ മുഖവുമായി നിൽക്കുന്ന ഡാനി. ആരൊക്കെയോ പറഞ്ഞതു പോലെ ആർക്കൊക്കെയോ വേണ്ടി ഒരു ജീവിതം. പശ്ചാത്തലത്തിൽ മലയാളി യുടെ ജീവിതത്തെ നിയന്ത്രിക്കുന്ന രാഷ്ടീയത്തിലെ പ്രധാന സംഭവങ്ങൾ. ഗിറ്റാറിൽ നിന്ന് സാക്സോ ഫോണിലേയ്ക്ക്, ക്ലാരയിൽ നിന്ന് മാർഗ്ഗരറ്റിലേയ്ക്ക്, റോബർട്ടിൻെറ പിതൃത്വത്തിലേയ്ക്ക്, നഴ്സിംഗ് ഹോമിലെ നരച്ച ജീവിതത്തിലേയ്ക്ക്... ഒരു വേഷം അഴിക്കുന്നതിനു പോലും സമയമില്ലാതെ ഡാനി നീങ്ങിക്കൊണ്ടിരുന്നു. ഒരു പാവയെപ്പോലെ ഡാനിയെ ആരൊക്കെയോ വലിച്ചിഴയ്ക്കുകയായിരുന്നു. പക്ഷേ ഡാനി എന്ന കഥാപാത്രം ഇത്ര നിസ്സഹായനായത് എന്തുകൊണ്ടായിരുന്നു?

ഒടുവിൽ തെരുവോരത്ത് മറ്റൊരു സ്ത്രീയുടെ മടിയിൽ മരിയ്ക്കുമ്പോൾ വെറുതേയൊരു ജീവിതം അവസാനിക്കുന്നു. പക്ഷേ ഭീരുവായ മാർഗ്ഗരറ്റിൽ നിന്നും വ്യത്യസ്തയായ ഭാർഗ്ഗവിയെ പിന്നെയാണ് കാണുന്നത്. അത്രയും ധൈര്യമുള്ള ജീവിതങ്ങൾ നമുക്ക് ചുറ്റും കാണാൻ കിട്ടില്ലെന്ന വാസ്തവം തൽക്കാലം മറക്കാം. വികാരങ്ങളില്ലാതെ, ഏകതാന മായൊരു ജീവിതത്തിലേയ്ക്ക് മലയാളി വീണു പിറന്നത്. എങ്കിലും എൻെറ ബോധത്തെ കാര്യമായി സ്പർശിക്കാൻ ഈ സിനിമയ്ക്ക് കഴിഞ്ഞില്ല എന്നിപ്പോഴും തോന്നുന്നു. പശ്ചാത്തലത്തിൽ നിസ്സഹായതയുടെ ഒരു മുഖം മങ്ങിപ്പോകുന്നതും തടയാനാവുന്നില്ല.

■



# ആധുനിക വിദ്യാഭ്യാസം - ഒരടിക്കുറിപ്പ്

അജീഷ് കുര്യൻ

ഡൽഹിയിൽ ഒരു കമ്പനിയിൽ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോളാണു ആ പരസ്യം കണ്ടത്. അദ്ധ്യാപകരെ ആവശ്യമുണ്ട് - രാധഗോവിന്ദ് കോളേജ് ഓഫ് എഞ്ചിനീയറിങ്. തേടിയ വള്ളി കാലിൽ ചുറ്റി എന്നു തോന്നി. പണ്ടു മുതലേ ഒരാഗ്രഹം മനസിലുണ്ടായിരുന്നു ഏതെങ്കിലും ഒരു കോളേജിൽ ലക്ചറർ ആകണം. അതിനുള്ള ശുഭമുഹൂർത്തം സമാഗതമായിരിക്കുന്നു. പരസ്യം ഒന്നു ഇരുത്തി വയിച്ചു.

(1) ഉദ്യോഗാർഥി എതെങ്കിലും ഒരു ഏ ഐ സി ടി ഇ അംഗീകാരമുള്ള കോളേജിൽ നിന്നായിരിക്കണം.

(2) ഉദ്യോഗാർഥി മിനിമം 70% മാർക്ക് ഉള്ളയാൾ ആയിരിക്കണം

(3) അദ്ധ്യാപന പരിചയ മുള്ളവർക്കു മുൻ ഗണന, ശംബളം ഏ ഐ സി ടി ഇ റൂൾസ് അനുസരിച്ച്!

ദയവു ചെയ്ത് സർട്ടിഫിക്കറ്റിൻെറ അറ്റെസ്റ്റെഡ് കോപ്പി അയക്കുക.

കഴിയാവുന്നത്ര നേരത്തെ തന്നെ ആപ്ലിക്കേഷൻ പോസ്റ്റു ചെയ്തു. പിന്നെ ഞാൻ കണ്ടതെല്ലാം സ്വപ്നങ്ങൾ ആണെന്നു പറയുന്നതിൽ തെറ്റില്ല. സഹ്യൻെറ മടിയിൽ തലചായ്ച്ചുറങ്ങുന്ന കോളേജു പോലെ ഒന്നായിരിക്കും. കുറച്ചു ബഹളവും കുറച്ചു ഡാൻസും കുറച്ചു പഠിപ്പും ആയി കടന്നുപോകുന്ന ഒരുപറ്റം കുട്ടികളും. ഡൽഹിയിലെ തിരക്കിൽ നിന്നും ഞാൻ ഇഷ്ടപ്പെടുന്ന കോളേജ് അന്തരീക്ഷത്തിലേയ്ക്കു ഒരു തിരിച്ചു പോക്ക്. ലക്നൗവിൽ നിന്നുള്ള ഒരു പരിചയക്കാരിയോടു സീ സീ എസ് യുണിവേഴ്സിറ്റിയെക്കുറിച്ചു (കോളേജ് അഫിലിയേറ്റു ചെയ്തിരിക്കുന്നതു ഈ യൂണിവെഴ്സിറ്റിയിൽ ആണു)ചോദിച്ചു. “എടോ, അതറിയാത്തവർ ഈ ഭൂമി മലയാളത്തിൽ ഉണ്ടാകുമോ?” എന്നതിനു പകരം “അറിയില്ല” എന്നൊരൊഴുക്കൻ മറുപടി കിട്ടിയപ്പൊഴെങ്കിലും ഞാൻ മനസിലാക്കേണ്ടതായിരുന്നു...

കമ്പനിയിൽ നിന്നു ഒരു ചെറിയ നുണ പറഞ്ഞ് മുങ്ങി. ഡൽഹിയിൽ അപ്പോൾ തണുപ്പു കാലത്തിൻെറ തുടക്കം ആയിരുന്നു. മീററ്റിനു പോകുന്ന ഒരു ബസ്സിൽ കയറി ഇരുന്നു. സിറ്റി വിട്ടുകഴിഞ്ഞപ്പോൾ തെളിഞ്ഞ അകാശവും തണുത്ത കാറ്റും മനസ്സിനെ വല്ലാതെ ഹരം കൊള്ളിച്ചു. പക്ഷെ കുളിർ അധികനേരം നീണ്ടുനിന്നില്ല. ഗാസിയാബാദ് എത്തിക്കഴിഞ്ഞപ്പോൾ കിട്ടുന്ന പേരിലെല്ലാം ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ കണാൻ തുടങ്ങി. ആശ്വസിക്കാൻ ശ്രമിച്ചു - രാധാഗോവിന്ദ് ഇങ്ങിനെ ആവില്ല.

സ്വപ്നങ്ങൾ നീർക്കുമിളകൾ ആണെന്നു കേട്ടിട്ടില്ലേ?(കടപ്പാട്-മോഹൻലാൽ) നമ്മുടെ നാട്ടിൻപുറത്തെ ഒരു ചായക്കടയുടെ ഇരട്ടിയുള്ള ഒരു കെട്ടിടമാണു ആണു കോളേജ്. ആൺകുട്ടികൾ മതിലുചാടേണ്ട (കഷ്ടപ്പെടണ്ട) എന്നു കരുതി ആയിരിക്കണം പെൺ കുട്ടികൾക്കു അതേ കെട്ടിടത്തിൻെറ തന്നെ മുറികളിൽ തമസിക്കാൻ സൗകര്യം കൊടുത്തിരിക്കുന്നത്. വർക് ഷോപ്പ് എന്നു പറയുന്നതു ഒരു സൈക്കിൾ കട പോലെയുണ്ട്.

ഇൻെറർവ്യൂ – മുന്നിൽ ഒരു കൊമ്പൻ മീശക്കാരൻ വളരെ ഗൗരവത്തിൽ ഇരിക്കുന്നു. തൊട്ടടുത്തുതന്നെ കോളേജു പ്രിസിപ്പാൾ. എൻെറ വലതു വശത്തു ഒരു ചെറുപ്പക്കാരനും ചെറുപ്പക്കാരിയും 'മസിലു' പിടിച്ചിരിക്കുന്നു. പ്രിൻസിപ്പാൾ എന്തൊക്കെയൊ കുറെ ചോദ്യങ്ങൾ ചോദിച്ചു. മീശക്കാരനു അകെ ചോദിക്കാൻ ഒന്നേ ഉണ്ടായിരുന്നുള്ളു "എത്ര രൂപാ ശമ്പളത്തിനു ജോലി ചെയ്യാൻ തയ്യാറാണു?" അപ്പോളാണു അദ്ദേഹത്തിൻെറ മുന്നിൽ ഇരിക്കുന്ന ബോർഡ് കണ്ടത് – ചെയർമാൻ. പ്രിൻസിപ്പാൾ ഒരു ചോദ്യം കൂടി ചോദിച്ചു, "തനിക്കു ഇവിടെ ജോലി കിട്ടി എന്നിരിക്കട്ടെ. തന്നോട് ലേഡീസ് ഹോസ്റ്റലിൽ ക്ലാസ്സ് എടുക്കാൻ പറഞ്ഞാൽ എടുക്കുമോ?" (...)

എന്തായാലും അവിടെ പഠിപ്പിക്കാനില്ല എന്നു തീരുമാനിച്ചു പുറത്തു കടന്നു. തൊട്ടടുത്ത് നിന്ന സുമുഖനായ ചെറുപ്പക്കാരനോടു ചോദിച്ചു (അദ്ദേഹം വേറെ ഏതൊ കോളേജിൽ പഠിപ്പിക്കുന്നു, ഇവിടെ ഇൻെറർവ്യൂവിനു വന്നന്നതാണ്) "ഇവിടുത്തെ കുട്ടികളെങ്ങിനെ?" അയാൾ എന്നെ തുറിച്ചൊന്നു നോക്കി, എന്നിട്ടുപറഞ്ഞു: "കുട്ടികൾ എങ്ങിനെയെങ്കിലും ആയിക്കോട്ടെ, തനിക്കു പൈസ കിട്ടുന്നുണ്ടോ എന്നു നോക്കിയാൽ പോരെ?"

ഇങ്ങനെ ആണ്ടിൽ നൂറുകണക്കിനു "ബി ടെക്ക്" കാരെ പടച്ചു വിടുന്ന ഇതുപോലത്തെ കോളേജുകളെ ബിസിനസ്സ് എന്നുവിളിച്ചാൽ അതു ബിസിനസ്സ് ചെയ്യുന്നവരെ കളിയാക്കലാകും എന്നു തോന്നുന്നു. മഹാനഗരങ്ങളിലെ ചുവന്ന തെരുവുകൾ, മനുഷിക മൂല്യങ്ങളുടെ കാര്യത്തിൽ, ഒരുപക്ഷെ, ഇവരെക്കാൾ വളരെ മുൻപിൽ ആയിരിക്കും. ■



# എന്താണ് കല?

ജയസ്വനം

കലയെപ്പറ്റി പറയുമ്പോൾ ആ വാക്കിൻെറ അർത്ഥം കൃത്യമായി മനസ്സിലാക്കേണ്ട തുണ്ട്. "കരണങ്ങൾ", എന്നും "ലയം", എന്നുമുള്ള രണ്ടു പദങ്ങളുടെ ആദ്യാക്ഷരങ്ങൾ ചേർത്തു "കല", എന്ന വാക്കുണ്ടായി. ആ വാക്കിൻെറ അർത്ഥം ചൈതന്യം അല്ലെങ്കിൽ തന്മ യീഭാവം എന്നാണ്. ഒരു വസ്തുവിൽനിന്ന് മറ്റൊരു വസ്തു രൂപം കൊള്ളുമ്പോൾ ആ രണ്ടു വസ്തുക്കളും കൂടിയുണ്ടാകുന്ന ഇണക്ക മാണ് തന്മയീഭാവം. "കരണങ്ങ", എന്നാൽ വിഷയങ്ങൾ എന്നാണർത്ഥം. വിഷയങ്ങൾ ലയിക്കേണ്ടിടത്ത് ലയിക്കേണ്ടവിധത്തിൽ ലയിച്ച് അതിൽ നിന്നുമുണ്ടാകുന്ന പ്രയോജനാത്മകമായ അനുഭൂതി സ്വരൂപമാണ് "കല", എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്ന ചൈതന്യവിശേഷം. മനസ്സ് പുറമേയുള്ള വിഷയങ്ങളിൽ പ്രവേശിച്ച് ആ വിഷയങ്ങളുമായി താദാത്മ്യം പ്രാപിച്ചശേഷം അതിനെ ബുദ്ധിക്കു സമർപ്പിക്കുന്നു. ബുദ്ധിയാകട്ടെ, ഭുക്തിയെന്ന സ്വഭാവത്തോട് കൂടിയി രിക്കുന്നതിനാൽ ഭുജിച്ചില്ലെങ്കിൽ നശിച്ചു പോകുമെന്ന ഒരവസ്ഥ അതിനുള്ളതു കൊണ്ട് മനസ്സ് നിവേദിക്കുന്ന ഭോജ്യ വിഷയങ്ങളെ എപ്പോഴും ഭുജിച്ചു കൊണ്ടിരിക്കുന്നു. കരണങ്ങളെ ബോധസ്വരൂപത്തിങ്കൽ (ജീവാത്മാവിൽ) ലയിപ്പിക്കാനുള്ള ഉപാധിയാണ് മനസ്സ്. കരണങ്ങൾ അല്ലെങ്കിൽ വിഷയങ്ങൾ മനസ്സിൻെറ സഹായത്തോടു കൂടി ജീവാത്മാവിൽ ലയിക്കുന്ന പ്രക്രിയയാണ് മേൽപ്പറഞ്ഞത്. ഈ പ്രക്രിയയുടെ ഫലമായിട്ടുള്ള ആത്മാവിഷ്ക്കരണമാണ് കലാസ്വരൂപങ്ങൾ എല്ലാം തന്നെ.

നാം അതിമനോഹരമായ ഒരു പൂന്തോട്ടം കാണുന്നു എന്നിരിക്കട്ടെ. അത് കലയല്ല, പ്രകൃതി നിർമ്മിതമാണ്. മനുഷ്യൻെറ ബോധപൂർവ്വമായ പ്രവർത്തനത്തിൽനിന്നും ഉത്ഭവിക്കുന്നതാണ് കല. പൂന്തോട്ടം കണ്ടിട്ട്, അതിൻെറ രൂപം മനസ്സിനുള്ളിൽ ലയിച്ചിട്ട് അതിൻെറ പ്രതിരൂപം നാം തൂലികയിൽ പകർത്തുകയോ, അഭിനയം കൊണ്ട് (ഹസ്തമുദ്രയും ഭാവപ്രകടനവും) ഒരു പൂന്തോട്ടമാണ് മുന്നിലുള്ളതെന്ന് പ്രേക്ഷകനെ ധരിപ്പിക്കുകയോ ചെയ്താൽ അത് കലയായി. ലോകത്തിലെഎണ്ണമറ്റ വിഷയങ്ങൾ എല്ലാംതന്നെ മനുഷ്യ മനസ്സിൽ പതിഞ്ഞിട്ട് അവൻെറ വാസനാ വൈഭവം കൊണ്ട്അവനിൽനിന്ന് ആവിഷ്കൃതമാകുന്ന അവസ്ഥ തന്നെയാണ്

കരണങ്ങളുടെ ലയം എന്ന പ്രക്രിയ വിശേഷത്തിലൂടെ ജനിക്കുന്ന "കല" എന്ന വസ്തു.

ലോകത്തെവിടെയും ആകർഷണീയ ങ്ങളായ വസ്തുക്കൾ ധാരാളമായി നാം കാണുന്നുണ്ട്. അതിൽ പ്രകൃതി നിർമ്മിതങ്ങളും മനുഷ്യനിർമ്മിതങ്ങളും ഉൾപ്പെടുന്നു. പ്രകൃതിനിർമ്മിതമായ പർവ്വതനിരകളും താഴ്വാരങ്ങളും തടാകങ്ങളും ഉദ്യാനങ്ങളുമെല്ലാം മനോഹാരിത നിറഞ്ഞതാണെങ്കിലും അവയൊന്നും കലയായിട്ടു ഗണിക്കാറില്ല. കല മനുഷ്യനിർമ്മിതമായിരിക്കണമെന്ന് മുൻപ് പറഞ്ഞുവല്ലോ. മനുഷ്യൻെറ വാസനാവൈഭവം കൊണ്ട് അവൻെറ ഭാവനയിൽ നിന്ന് ആവിഷ്കൃത മാകുന്നതാണല്ലോ കല. ചിത്രങ്ങൾ, ഗാനങ്ങൾ, നൃത്തങ്ങൾ, ശിൽപങ്ങൾ മുതലായവ നമുക്ക് അത്മാനുഭൂതി നൽകുന്നു. അങ്ങനെ മനുഷ്യമനസ്സിൽ വികാരങ്ങളെ ഉണർത്തി അന്താനുഭൂതി

ലഭ്യമാക്കിത്തരുന്ന വിശിഷ്ടവസ്തുക്കളാണു കലകൾ.

പരിഷ്ക്കാരത്തിന്റെ പ്രാരംഭദശ മുതൽക്കു തന്നെ മനുഷ്യൻ അവന്റെ ചുറ്റുപാടുമുള്ള പ്രകൃതിയെക്കുറിച്ച് അന്വേഷിക്കാൻ തുടങ്ങിയിരുന്നു. അതിൽ നിന്നു ലഭിച്ച ജ്ഞാനമാണു മാനവരാശിയുടെ പരിഷ്ക്കാരത്തിന്റെയും സംസ്ക്കാരത്തിന്റെയും വളർച്ചയ്ക്ക് നിദാനമായി തീർന്നിട്ടുള്ളത്. അങ്ങനെ ജ്ഞാനസമ്പാദനത്തിനെന്നപോലെ ആത്മശുദ്ധിക്കും ബുദ്ധിവികാസത്തിനും കല വളരെ സഹായകമായിത്തീർന്നു. പ്രാചീന കാലത്ത് കലകൾ വളരെ പ്രാകൃതരൂപത്തിലായിരുന്നു. പരിഷ്കാരത്തിനനുസരണമായി കലകൾ വളരുകയും, നൂതനങ്ങളായ പല ഭാവനകളും കലയിൽ രൂപം കൊള്ളുകയും ചെയ്തു.

കലയ്ക്ക് ചിന്തകന്മാർ പല നിർവ്വചനങ്ങളും നൽകിയിട്ടുണ്ട്. അതിൽ എല്ലാംതന്നെ കലയും സൗന്ദര്യവും ബന്ധപ്പെട്ടിരിക്കുന്നതായി കാണാം. പ്രകൃതിയിൽ കാണുന്ന സൗന്ദര്യത്തെ ആവിഷ്കരിക്കുകയെന്നതാണ് കലയുടെ ഉദ്ദേശ്യം എന്നതിൽ ആർക്കും തർക്കമില്ല. സൗന്ദര്യം എന്ന സങ്കൽപ്പം, കാലം, ദേശം എന്നിവയെ ആശ്രയിച്ച് മാറിക്കൊണ്ടിരിക്കും. പുരാതനകാലത്ത് പോലും ഗ്രീസ്, ഈജിപ്റ്റ് തുടങ്ങിയ പല രാജ്യങ്ങളിലും സൗന്ദര്യത്തിന്റെ മാനദണ്ഡങ്ങൾ വിഭിന്നങ്ങളായിരുന്നു. ഭാരതത്തിലാണെങ്കിൽ കലയുടെ ആദർശവും ലക്ഷ്യവും ആത്മീയ സൗന്ദര്യാവിഷ്കാരമായിരുന്നതായി പല ഗ്രന്ഥങ്ങളിലും പറഞ്ഞുകാണുന്നു.

പ്രകൃതിയിൽ കാണുന്ന മനോഹരങ്ങളായ വിവിധ വർണ്ണങ്ങളും താളലയാത്മകമായ ചലനങ്ങളും മധുര ശബ്ദങ്ങളുമെല്ലാം കലാകാരന്റെ മനസ്സിൽ വികാരത്തിന്റെ അലകൾ സൃഷ്ടിക്കുന്നു. അയാൾ ഇവയോടെല്ലാം തന്മയീഭവിച്ച്, ആനന്ദാനുഭൂതിയിൽ ലയിച്ച് തന്റെ ഭാവനാവിലാസത്തിലൂടെ അവയ്ക്ക് രൂപം നൽകി അവതരിപ്പിക്കുന്നു. ഇപ്രകാരം കലാസൃഷ്ടിയിൽ മുഴുകിയിരിക്കുന്ന കലാകാരൻ സർവ്വതും മറന്ന് ആനന്ദാനുഭൂതിയിൽ ലയിക്കുകയാണ് ചെയ്യുന്നത്. വസ്തുക്കളെ സൂഷ്മനിരീക്ഷണം ചെയ്ത് അതിന്റെ രൂപഭാവങ്ങൾ പുനരാവിഷ്കരിക്കുകയും ആസ്വാദകരെ അവാച്യമായ ഒരു അനുഭൂതിയിലേക്ക് നയിക്കുകയും ചെയ്യുന്നു. ഒരു കലാകാരൻ അയാളുടെ കലാസൃഷ്ടിയിലൂടെ എന്നെന്നും ജീവിക്കുന്നു. ഇങ്ങനെയുള്ള കലയെ ശുക്രനീതിയെന്ന ഗ്രന്ഥത്തിൽ ചതുർഷഷ്ഠി കലാരൂപങ്ങളായി ശുക്രാചാര്യർ പരാമർശിച്ചി രിക്കുന്നു. മനുഷ്യനിൽ സംസ്ക്കാരവിശേഷത്തെ വളർത്തുന്നതാണ് കല. ഉത്തമകല, മനുഷ്യന്റെ വൈകാരികവും വൈചാരികവുമായ ശക്തിവിശേഷങ്ങളെ പരിപോഷിപ്പിച്ച് പരിശുദ്ധീകരിക്കുന്നു എന്ന് അരിസ്റ്റോട്ടിൽ പറയുന്നു. കലകളുടെ മുഖ്യോദ്ദേശ്യം പരമമായ ആനന്ദമാണ്.



# പ്രവാസി

വലലൻ

ദിനകരൻ എരിഞ്ഞടങ്ങുകയാണു. പടിഞ്ഞാറേ ചക്രവാളം ജ്വലിച്ചു നിൽക്കുന്നു. തങ്കരശ്മികൾ തെങ്ങിൻ തലപ്പുകളിൽ തട്ടി ശിവക്ഷേത്രത്തിൻെറ വെള്ളമതിലുകളിൽ പ്രതിജ്വലിക്കുന്നു. ക്ഷേത്രമതിലിൽ രണ്ടു വരിയായി നിരന്നുനിൽക്കുന്ന കരിങ്കൽ വിളക്കുകൾ അരയാഭരണം പോലെ ദർശനമരുളുന്നു. വിശാലമായ ക്ഷേത്രപരിസരം വിജനമായി കിടക്കുകയാണു. കിഴക്കേ ചക്രവാള ത്തിൻെറ അന്ത്യത്തിൽ നിന്നു നിശീഥി നിയുടെ നിഴൽപ്പാടുകൾ ഭീകരരൂപം കൊള്ളുകയാണു.

ക്ഷേത്ര മതിലിൻെറ നാലുചുറ്റിലും അരയാഭരണ ങ്ങൾ വെളിച്ചം പകരുമ്പോഴുണ്ടാകുന്ന കാഴ്ച കണ്ണിനും കരളിനും കുളിരേകുന്നു. കിഴക്കുവശത്തുള്ള ക്ഷേത്രകവാട ത്തിൽനിന്നും വടക്കോട്ടു മാറി പടർന്നു പന്തലിച്ചുനിൽക്കുന്ന അരയാലിനുചുറ്റും മൂന്നടി ഉയര ത്തിൽ സിമൻറ്കൊണ്ട് ആൽത്തറ പണിഞ്ഞിട്ടുണ്ട്.അവിടെ സ്വസ്ഥനായി സുസ്മേരവദനനായി ഒരു കയ്യിൽ ഒരു മാമ്പഴവും മറ്റൊരു കയ്യുയർത്തി വരദാനസന്നദ്ധനായി പത്മാസനത്തിലിരിക്കുന്ന വിഘ്നേശ്വരൻ! മറ്റൊരു വശത്ത് ഏകമൂകനായി– അധോമുഖനായിരിക്കുന്ന മനുഷ്യൻ ആരുടേയും ശ്രദ്ധയാകർഷിക്കും. എന്നാൽ ചുറ്റുപാടും എന്താണു സംഭവിക്കുന്ന തെന്നറിയാതെ നിസ്സംഗഭാവത്തി ലാണിരുപ്പ്. പാൻറും ഷർട്ടുമാണു വേഷം. ഒറ്റനോട്ടത്തിൽ ഒരു വിദേശിയാണെന്നു തോന്നും. വളരെയധികം ക്ഷീണിതനാണു.

നാണു – ഈ മണ്ണിൽ തന്നെയാണു ജനിച്ചതും വളർന്നതും. കുട്ടിക്കാലത്തു അച്ഛൻെറ വിരൽതുമ്പി ൽതൂങ്ങി ക്ഷേത്രത്തിലെത്തുമ്പോ ഴേയ്ക്കും അച്ഛൻെറ ഉച്ചത്തിലുള്ള പ്രാർത്ഥന സ്തോത്രങ്ങളും – രണ്ടുകയ്യും ചേർത്തു തൊഴുതു പിടിച്ചുള്ള ക്ഷേത്ര പ്രദക്ഷിണവും നാണു നോക്കിനിന്നിട്ടുണ്ട്. രാവിലെ അച്ഛൻ ജോലിക്കിറങ്ങു മ്പോഴാണു നാണുവും സ്കൂളിൽ പോകുന്നത്. അച്ഛനെ കാണുമ്പോൾ എതിരെ വരുന്നവർ വഴി മാറി നിൽക്കുന്നതും ചിലർ കൈചേർത്തു തൊഴുന്നതും – പാതവക്കത്തുള്ള കടകളിൽ വെടിപറഞ്ഞിരിക്കുന്നവർ എഴുന്നേറ്റുനിന്നു ആചാരം കാണിക്കുന്നതും നാണു കണ്ടിട്ടുണ്ട്. നാണുവിനെ പള്ളിക്കൂടത്തിലേയ്ക്കു കടത്തിവിട്ടിട്ടാണു അച്ഛൻ ജോലിക്കു പോകുന്നത്. പ്രൈമറി വിദ്യാഭ്യാസം തീരുന്നതിനു മുൻപുതന്നെ കളിക്കൂട്ടു കാരനും ഗുരുവും പിതാവുമെല്ലാമാ യിരുന്ന ആ ജ്യോതി പൊലിഞ്ഞു പോയി. നാണുവിനന്നു എട്ടു വയസ്സുകഴിഞ്ഞി ട്ടേയുള്ളു.

നാണുവിൻെറ അച്ഛൻ ഒരു വലിയ തറവാട്ടി ലെ മൂന്നാൺമക്കളിൽ മൂന്നാമനായിരുന്നു. അച്ഛൻെറ മാതാപിതാക്കളെ നാണു കണ്ടിട്ടില്ല. അച്ഛൻെറ ജേഷ്ഠന്മാർ രണ്ടുപേരും വലിയ വീടുകളിലായിരുന്നു താമസി ച്ചിരുന്നത്. കുടുംബസ്വത്തുക്കളുടെ ഭരണം രണ്ടുപേരും കൂടി പങ്കിട്ടനുഭവിച്ചിരുന്നു. അച്ഛൻ, സ്നേഹിച്ച ഒരു സ്ത്രീയുമായി ഇവരിൽ നിന്നകന്നു – സ്വയം ജോലിചെയ്തു ജീവിച്ചിരുന്നതിനാൽ ദൈന ന്തിനകാര്യങ്ങൾതന്നെ വളരെ വിഷമത്തിലായിരുന്നു. എന്നാലും അതൊന്നും മറ്റാരും അറിയാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പെട്ടെന്നായിരുന്നു നാണുവിൻെറ അച്ഛൻ മരിച്ചത്. ആറു മക്കളുണ്ടായി രുന്നതിൽ അഞ്ചാമതായി നാണുവും അടുത്തതായി ശാരദയും. നാണു നാലാം

ക്ലാസ്സിൽ പരീക്ഷ കഴിഞ്ഞു നിൽക്കുകയായിരുന്നു. ശാരദ മൂന്നാം ക്ലാസ്സിലും. പ്രൈമറിസ്ക്കൂളിൽ ഫീസു കൊടുക്കേണ്ടതില്ലെങ്കിലും പുസ്തകങ്ങളും ഉടുപ്പുകളും വാങ്ങുന്നതിനു പോലും നാണുവിൻെറ അമ്മ വളരെ ക്ലേശിക്കേണ്ടിവന്നു. നാണുവിനു മൂത്തയാൾ - പുരു ഷോത്തമൻ പ്രിപ്പാററ്ററി ക്ലാസ്സിലായിരുന്നു. അവിടെ ഫീസു കൊടുക്കണം. അമ്മ ഹെഡ്മാസ്റ്ററെ കണ്ടു പരാതിപ്പെട്ടു. ഫീസ് സൗജന്യം അനുവദിച്ചു. സഹോ ദരന്മാരിൽ ഒരാൾ ജോലിക്കു പോയി. ജേഷ്ഠന്മാരിൽ ഒരാൾ സ്ഥലംവിട്ടു. കദനകഥകളുമായി ഒരു വർഷം വീണ്ടും ഇഴഞ്ഞുനീങ്ങി. അടുത്ത വർഷം സ്ക്കൂൾ തുറന്നപ്പോൾ നാണുവിൻെറ വീട്ടിൽ നിന്നു ആർക്കും പള്ളിക്കൂടത്തിൽ പോകാൻ കഴിഞ്ഞില്ല. മുത്തച്ഛൻെറ മകൻ തിരുവനന്തപുരത്തു ബാങ്ക്മാനേജരായ ദേവൻ, പുരുഷോത്തമനെ കൂട്ടി ക്കൊണ്ടുപോയി. അവിടെ പള്ളിക്കൂടത്തിൽ ചേർത്തു പഠിപ്പിക്കുമെന്നു കരുതി. പക്ഷെ, വർഷാവസാനം ബാങ്കുമാനേജരും കുടുംബവും അവധികഴിക്കാൻ വന്നപ്പോഴാണറിഞ്ഞതു മാർക്കറ്റിൽ പോകാനും മാനേജരുടെ മക്കൾക്കു ഉച്ചഭക്ഷണം കൊണ്ടുകൊടുക്കാനുമായിരുന്നു പുരു ഷോത്തമനെ കൊണ്ടുപോയത്. അവധികഴിഞ്ഞു പോയപ്പോൾ പുരുഷോത്തമനെ അയക്കുന്നതിൽ അമ്മക്കു പ്രയാസമുണ്ടായിരുന്നെങ്കിലും ബാങ്കുമാ നേജർ വിളിച്ചുകൊണ്ടുപോയപ്പോൾ തടഞ്ഞുനിർ ത്താൻ ആർക്കും ധൈര്യമുണ്ടായില്ല. മുത്തച്ഛന്മാർ മാത്രമല്ല - അവരുടെ മക്കളുടേയും ചൂഷണത്തിനു നാണുവിൻെറ കുടുംബം മുഴുവനും ബലിയാടുകളാവുകയാണു. നാണുകൂടി ജോലിക്കുപോകുന്ന സഹോദരിയെ സഹായിക്കാൻ പോയി. അഴുകിയ തൊണ്ടു തല്ലുന്നസഹോദരിയുടെ അടുത്തിരുന്ന് ചകിരി നാരാക്കുന്ന ജോലി നാണു ഏറ്റെടുത്തു. അപ്പോൾ സഹോദരി കൂടുതൽ തൊണ്ടുതല്ലാൻ തുടങ്ങി. കുറച്ചു നാളുകൾ പട്ടിണിയുടെയും കഷ്ടപ്പാടുകളുടെയും നടുവിൽ ക്കൂടി നാണുവും കുടുംബവും മുന്നോട്ടു നീങ്ങി.

ഒരു ദിവസം ചകിരിയിൽ നിന്നു കയർ നെയ്തെ ടുക്കുന്ന സ്ത്രീകൾക്കു റാട്ടു കറക്കുന്ന പയ്യൻ ഓടി പ്പോയി. മൂന്നുപേർ ചേർന്നാണു കയർ പിരിക്കുന്നത്. രണ്ടുപേർ റാട്ടിൽനിന്നു ചകിരിപിരിച്ചു പുറകോട്ടു പോകുമ്പോൾ ഒരു പയ്യൻ - അല്ലങ്കിൽ പെൺകുട്ടി റാട്ടു കറക്കി കൊടുക്കണം. രണ്ടായി പുറകോട്ടു പോകുന്ന നൂൽ ഒരു നിശ്ചിത ദൂരത്തിലെത്തുമ്പോൾ മറ്റൊരു റാട്ടിൽ ചേർത്തു - മരം കൊണ്ടു തീർത്ത ഒരച്ചിൻെറ സഹായത്തോടെ ഒരാൾ അതു സംയോജിപ്പിച്ചു തുടങ്ങിയ റാട്ടിലേയ്ക്കു വരുകയും രണ്ടറ്റത്തുമുള്ള റാട്ടുകൾ മറ്റു രണ്ടുപേരും വേഗമായി ചുറ്റി വിടുകയും ചെയ്യുന്നു. മൂന്നുപേരും ഒരുപോലെ ശ്രദ്ധിച്ചു ചെയ്തില്ലെങ്കിൽ കയറോ നൂലോ പൊട്ടിപ്പോകും. അങ്ങിനെ സംഭവിച്ചാൽ വേല ചെയ്തു തീർക്കാൻ താമസം നേരിടും. അപ്പോൾ തെറ്റു ഏതു ഭാഗത്തുനിന്നു സംഭവിച്ചാലും റാട്ടു കറക്കുന്ന കുട്ടികൾക്കായിരിക്കും പുലഭ്യം കേൾക്കേ ണ്ടിവരുക. അദ്ധ്യാപകരിൽ നിന്നു ചൂരൽകഷായം ലഭിക്കുന്ന തിനെക്കാൾ മനസ്സു കീറിമുറിക്കുന്ന തായിരിക്കും ഇവർ വിളിച്ചു കൂവുന്നത്. ചിലപ്പോൾ കയ്യേറ്റവും സഹിക്കേണ്ടിവരും. അന്നേരമാണു അതു താങ്ങാനാവാത്ത കുട്ടികൾ ഓടിപ്പോകുന്നത്.

അതുപോലൊരു സന്ദർഭത്തിൽ - സഹോദരിയു ടെ നിർബന്ധത്തിനു വഴങ്ങി - നാണു ആ ജോലിചെ യ്യാൻ പ്രേരിതനായി. അടുത്ത ദിവസവും തുടർന്നും നാണു ആ ജോലിക്കാരനായി. ദിവസങ്ങൾ മാസങ്ങളായും വർഷങ്ങളായും അടർന്നുവീണു. നാണു ഒരു കയർ തൊഴിലാളിയായി - കയർ നെയ്യു ന്നവർക്കു അതിനു തക്കവണ്ണം ചകിരി പാകപ്പെടുത്തി ക്കൊടുക്കുന്ന ഒരു മുതിർന്ന തൊഴിലാളിയായി മാറുകയായിരുന്നു.

ഈ സന്ദർഭത്തിലാണ് രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടത്. ഏഷ്യാഭൂഖണ്ഡം പിടിച്ചടക്കുവാനും ലോകാധിപത്യം സ്ഥാപിക്കാനുമായി ജർമ്മനിയും ജപ്പാനും ബ്രിട്ടീഷ് കോളണികളെ ആക്രമിച്ചു. പലേടത്തും ബ്രിട്ടീഷ് സൈന്യം പുറകോട്ടു പോകേണ്ടിവന്നപ്പോൾ ബ്രിട്ടണും അമേരിക്കയും ചേർ ന്ന് മറ്റു ശക്തികളെ നേരിട്ടു. ഒരു നീണ്ട യുദ്ധത്തിനു ശേഷം ബ്രിട്ടീഷ് കോളണികളെല്ലാം തിരിച്ചു കിട്ടിയെങ്കിലും അമേരിക്കയും റഷ്യയും ലോകശക്തികളായി തീർന്നു. യുദ്ധം തുടങ്ങിയപ്പോൾ ഇന്ത്യയുടെ ആസ്സാം മേഖലയി ലുണ്ടായിരുന്ന നിബിഡവനങ്ങൾ വെട്ടിനിരപ്പാക്കുന്നതിനായി ബ്രിട്ടീഷുകാർ കൂലിപ്പട്ടാളത്തെ വേലക്കു ചേർത്തു. പ്രത്യേക തീവണ്ടി മാർഗ്ഗം ആയിരക്കണക്കിനു ആളുകളെ ആറുമാസത്തേയ്ക്കും ഒരു വർഷത്തേക്കും കരാർ വ്യവസ്ഥയിൽ ചേർത്തുകൊ ണ്ടിരുന്നപ്പോൾ നാണുവിൻെറ ജേഷ്ഠൻ പുരുഷോത്തമനും അതിൽ ചേർന്നു.

പുരുഷോത്തമൻെറ ആദ്യത്തെ ശമ്പളത്തോടൊ പ്പം എഴുതിയ കത്തിൽ നാണുവിനെ വീണ്ടും പള്ളിക്കൂടത്തിലയക്കാനും അമ്മയെ ചുമതലപ്പെടുത്തി. പള്ളിക്കൂടത്തിൽ പോകാൻ കഴിയാത്തതിലുള്ള വേദനയുമായി നടന്ന നാണുവിനു അതൊരനുഗ്രഹമായി. നാണു മിഡിൽ സ്ക്കൂളിൽ ചേർന്നു - വീണ്ടും വിദ്യാർത്ഥിയായി. പക്ഷെ 1 1/2 വർഷം ജോലി ചെയ്ത പുരുഷോത്തമനു അതു വീണ്ടും ചെയ്യാനായില്ല. ഒരു വിധത്തിൽ മിഡിൽ സ്ക്കൂൾ പൂർത്തിയാക്കിയ നാണുവിനു ഹൈസ്ക്കൂളിൽ തുടരാനും കഴിഞ്ഞില്ല. കാലചക്രം യഥാക്രമം ഭ്രമണപഥത്തിലൂടെ നീങ്ങിക്കൊണ്ടിരുന്നു. രണ്ടുവർഷത്തെ അജ്ഞാത വാസത്തിനു ശേഷം നാണു ഹൈസ്ക്കൂളിൽ ചേർന്നു. നാണുവിനോടൊപ്പം പ്രൈമറി സ്ക്കൂളിൽ പഠിച്ചിരുന്നവർ നാണുവിന് ക്ലാസ്സ് വാദ്ധ്യാരായി വന്നത് കണ്ടപ്പോഴുള്ള ജാള്യത മറച്ചുവയ്ക്കാൻ നാണു നന്നേപാടുപെട്ടു. അതിനേക്കാൾ പാടായിരു ന്നു ഒഴിഞ്ഞ വയറുമായി - നഗ്നപാദനായി - രാവി ലേയും വൈകുന്നേരവുമുള്ള നീണ്ടയാത്രകൾ. എല്ലാം സഹിച്ചു. പത്താം ക്ലാസ്സിൽ

പരീക്ഷയുമെഴുതി. ഇനി എന്താണ്? എങ്ങിനെയെങ്കിലും മലേഷ്യയിൽ പോകണം. നാണു അതിനുവേണ്ടി പല വാതിലുകളിലും മുട്ടി. ഏതായാലും ഒരു പാസ്പോർട്ടു സംഘടിപ്പിച്ചു. ദയാനിധിയായ ഒരു മാതാവിൻെറ സഹായത്തോടെ മദ്രാസിലേയ്ക്കു തിരിച്ചു. അവിടേയും പ്രതിബന്ധങ്ങളെ നേരിടേണ്ടി വന്നെങ്കിലും ഒരുതരത്തിൽ മലേഷ്യ യിലെത്തിച്ചേർന്നു.

റബ്ബർ എസ്റ്റേറ്റുകളും ടിൻമൈനുകളും നിറഞ്ഞു കിടക്കുന്ന സ്വർഗ്ഗരാജ്യമെന്നു കേട്ടിട്ടാണു പ്രയാസങ്ങളൊക്കെ തരണം ചെയ്ത് മലയായിൽ വന്നുപെട്ടത്. പക്ഷെ, ഒരു ജോലി സമ്പാദിക്കാൻ പല ദിക്കിലും അലയേണ്ടിവന്നു. ആയിരക്കണക്കിനു ഏക്കർ സ്ഥലംവീതം കയ്യിൽവച്ചു റബ്ബർകൃഷി നടത്തുന്നതു മിക്കവാറും ബ്രിട്ടീഷുകാരാണു. അവരെ നേരിട്ടുകാണാനും ബുദ്ധിമുട്ടാണു. ആഫീസുകളിൽ കയറിച്ചെന്നാൽ അവിടെയിരിക്കുന്ന മാനേജർമാർ മിക്കവാറും ഇൻഡ്യാക്കാരോ ശ്രീലങ്കക്കാരോ ആയിരിക്കും. അവരെക്കണ്ടാൽ തൽക്കാലം ഒഴിവില്ലെന്നായിരിക്കും പറയുക. ഒരു എസ്റ്റേറ്റിൽ നിന്നു അടുത്ത എസ്റ്റേറ്റിലെക്കു പോകണമെങ്കിൽ പല വാഹനങ്ങൾ കയറിയിറങ്ങണമായിരുന്നു. ഏതായാലും ഒരു മലയാളിയുടെ ദയവിൽ ഒരു വേലയും അവിടെത്തന്നെ താമസത്തിനുള്ള സൗകര്യവും നാണുവിനു ലഭിച്ചു. ആദ്യമൊക്കെ പലതരത്തിൽ വിഷമങ്ങൾ നേരിട്ടെങ്കിലും ജോലി വിട്ടാൽ നാണുവിനു മറ്റൊരു വഴിയും ഇല്ലായിരുന്നു.

നാണു ആദ്യമായി ശമ്പളം വാങ്ങുമ്പോൾ അതുവരെ അനുഭവിച്ച കഷ്ടപ്പാടുകളൊക്കെ മറന്നു. അമ്മയും ജ്യേഷ്ഠനും ഇളയ സഹോദരിയും അവശേഷിച്ച കുടുംബം കഷ്ടപ്പാടുകളിലൂടെ നീങ്ങുകയായിരുന്നു. മറ്റു രണ്ടു സഹോദരിമാർ വിവാഹിതരായി വേറെ കഴിയുന്നുണ്ടെങ്കിലും അവർക്കും പ്രശ്നങ്ങൾ ഏറെയായിരുന്നു. ആദ്യത്തെ ശമ്പളത്തിൽ നിന്ന് അത്യാവശ്യച്ചെലവുകൾക്കായി ഒരു ചെറിയ തുക മാറ്റി വച്ചിട്ട് ബാക്കിയുള്ളത് ജേഷ്ഠൻെറ പേരിൽ അയച്ചു. പണം കിട്ടിയതിൽ സന്തുഷ്ടി പ്രകടിപ്പിച്ചുകൊണ്ടും ഉടനെ ആവശ്യമുള്ള ചെലവുകളുടെ പട്ടിക നിരത്തിക്കൊണ്ടും മറുപടി വന്നു. കാലം മുമ്പോട്ടു പോവുകയും പ്രതിമാസം കിട്ടുന്ന ശമ്പളത്തിൽനിന്ന് അത്യാവശ്യച്ചെലവുകൾ കഴിച്ച് ബാക്കി മുഴുവൻ ജ്യേഷ്ഠൻെറ പേരിൽ അയച്ചു കൊണ്ടുമിരുന്നു.

കുടുംബപ്രാരാബ്ദങ്ങളിൽ കുരുങ്ങിക്കിടക്കുന്നതിനാൽ 26 വയസ്സു കഴിഞ്ഞിട്ടും ഒരു വിവാഹത്തെപ്പറ്റി ചിന്തിക്കാൻ കഴിയുന്നില്ലെന്നും വിവാഹപ്രായമായ ഒരു സഹോദരിയുള്ളപ്പോൾ സ്വന്തം കാര്യം നോക്കുന്നതെങ്ങിനെയെന്നുമുള്ള പുരുഷോത്തമൻെറ എഴുത്തു കിട്ടിയപ്പോൾ നാണു വളരെ നേരം ആലോചിച്ചിട്ടു അടുത്ത ദിവസം തന്നെ ജേഷ്ഠന് കത്തെഴുതി. ശാരദയെ ഓർത്തിട്ട് അണ്ണൻ വിഷമിക്കേണ്ടതില്ല. അക്കാര്യം ഞാൻ നോക്കിക്കൊള്ളാം. അണ്ണനു നല്ലതെന്നു തോന്നുന്നതു ഇപ്പോൾതന്നെ ചെയ്യുന്നത് എനിക്കും സന്തോഷമാണ്. താമസിയാതെ ജേഷ്ഠൻ വിവാഹിതനാവുകയും ചെയ്തു. മാസങ്ങൾക്കുള്ളിൽ തന്നെ ജേഷ്ഠനും ഭാര്യയും താമസം വേറെയായി. എങ്കിലും അമ്മയുടെയും സഹോദരിയുടെയും ചുമതലകൾ പുരുഷോത്തമൻ തന്നെ വഹിക്കുകയും നാണു ജേഷ്ഠൻെറ പേരിൽ തന്നെ തുടർന്നും പണമയക്കുകയുമായിരുന്നു. പുരുഷോത്തമന് ഒരു മകൻ ജനിച്ച വിവരവും ശാരദയുടെ വിവാഹക്കാര്യവും ഒരുമിച്ചെഴുതിയ കത്തുവന്നപ്പോൾ നാണു വളരെ സന്തോഷിച്ചു. ഉടൻ തന്നെ അതിനു മറുപടിയെഴുതി. നല്ലനിലയിൽ ആ വിവാഹം നടത്തുന്നതിനുള്ള സന്നാഹങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ ഒരു സഹോദരിയുടെ മകൾക്കും ഉടൻ തന്നെ വിവാഹം നടത്തണമെന്നുള്ള പ്രശ്നമായി. നാണു ജേഷ്ഠനു കത്തെഴുതി – ഏതെങ്കിലും ഒന്നു മാത്രമെ തൽക്കാലം നിവൃത്തിയുള്ളു, അനന്തിരവൾ കൊച്ചുകുട്ടിയല്ലേ – ഇനിയും സമയമുണ്ടല്ലോ! പക്ഷെ അതിൻെറ അച്ഛനും അതു തന്നെ ആദ്യം നടത്തണം – എന്നാൽ താലിച്ചരടു വാങ്ങാൻ പോലും അയാളുടെ കയ്യിൽ പണവുമില്ല. എങ്കിലും അയാൾ സംബന്ധക്കാരനല്ലേ? ആ നിർബന്ധത്തിനു വഴങ്ങേണ്ടി വന്നു. അതുകഴിഞ്ഞു വീണ്ടും ഒരു വർഷം കഴിഞ്ഞാണ് ശരദയുടെ വിവാഹം നടന്നത്. ഇതൊക്കെ നടക്കുമ്പോഴും നാണു സ്വന്തം ചെലവുകൾക്ക് പരിമിതികൾ മുറുക്കുകയായിരുന്നു. അപ്പോഴേക്കും സ്വന്തമായി ഒരു വീടു വേണമെന്നായി ജേഷ്ഠൻ. അതിനുള്ള സ്ഥലം വാങ്ങി, വീടുവെച്ചു. ജേഷ്ഠനു വീണ്ടും ഒരു പെൺകുട്ടിയായി. ശാരദയും പ്രസവിച്ചു – ഒരാൺകുഞ്ഞിനെ. ഇവരെയൊക്കെ ഒന്നു കാണുവാൻ നാണുവിനൊരു മോഹം. ഇതിനുള്ളിൽ നാണുവിന് മലയായിൽ നിന്ന് തന്നെ ഒന്നു രണ്ട് വിവാഹാലോചനകൾ വന്നു. അമ്മയും സഹോദരങ്ങളും കേരളത്തിൽ ഉള്ളപ്പോൾ നാണു എന്തിനാണ് മലയായിൽ കല്ല്യാണം നടത്തുന്നത്. 35 വയസ്സായതു ഒരു പ്രശ്നവുമല്ലെന്ന മട്ടിൽ നിൽക്കുകയായിരുന്ന നാണു ഒരു ഹ്രസ്വകാല അവധിയിൽ നാട്ടിലേക്കു യാത്രയായി. ഒരു നീണ്ടകാലത്തെ വേർപാടിനു ശേഷം സ്ഥലത്തെത്തിയ നാണുവിനെക്കാണാൻ "അഹമഹമികയായ" വേണ്ടപ്പെട്ടവരെല്ലാം വന്നു. എല്ലാപേരേയും സസന്തോഷം യാത്രയാക്കി. നാണു ഉടൻ തന്നെ വിവാഹം കഴിക്കണമെന്നും ഞാൻ പെണ്ണു കണ്ടുവെച്ചിട്ടുണ്ടെന്നുമൊക്കെ എല്ലാപേരും നിർബന്ധമായി. രണ്ടു മൂന്നു സ്ഥലങ്ങളിൽ ഒരോരുത്തരായി കൊണ്ടുപോയി പെണ്ണു കാണിക്കലും നടന്നു. ഒരു സ്ഥലത്ത് നാണു താൽപര്യം കാണിക്കുകയും ചെയ്തു.

ജ്യേഷ്ഠനുമായി ആലോചിച്ചപ്പോൾ അതു നമുക്ക് വേണ്ടെന്നായി. ജേഷ്ഠൻ തന്നെ നോക്കാൻ തുടങ്ങിയപ്പോഴേക്കും അവധി തീർന്നു. എന്നാൽ ഇപ്പോൾ പോയിട്ടു രണ്ടു വർഷം കഴിഞ്ഞ് വന്നാൽ ഞാൻ എല്ലാം ശരിപ്പെടുത്തി വയ്ക്കാമെന്നായി

ജ്യേഷ്ഠൻ. അന്നുവരെ അനുസരിക്കാൻ മാത്രം ശീലിച്ച അനുജൻ വീണ്ടും വിദേശത്തേക്കു യാത്രയായി. മാസം തോറും മണിയോർഡർ ജേഷ്ഠൻ ഒപ്പിട്ട് വാങ്ങി. നല്ല നിലയിൽ ഒരു ബിസിനസ് സ്ഥാപനവും ഒന്നു രണ്ടു പറമ്പുകളും സ്വന്തമായി. സഹോദരിമാർക്കും ജേഷ്ഠനും ആവശ്യങ്ങൾ വർദ്ധിച്ചു വന്നപ്പോൾ നാണുവിൻെറ യാത്ര നീണ്ടുപോയി.

ഇതിനുള്ളിൽ സഹോദരിമാരുടെ മക്കൾക്കു പ്രായമായി. അവരുടെ വിവാഹം കഴിഞ്ഞു. നാണുവിൻെറ ജേഷ്ഠൻ അവസാനം എഴുതിയ കത്തിൽ, മകൻെറ പഠനം പൂർത്തിയായെന്നും പഠിക്കുമ്പോൾ തന്നെ ആലോചിച്ചിരുന്ന നല്ലൊരു വിവാഹം ഉടൻ തന്നെ നടത്തണമെന്നു പെൺകൂട്ടർ നിർബന്ധം പിടിക്കുന്നതായും എഴുതിയിരുന്നു. നാണു അതും സന്തോഷത്തോടെ സ്വാഗതം ചെയ്യുകയും കയ്യിൽ യാത്രക്കായി ചേർത്തു വച്ചിരുന്ന മുഴുവൻ തുകയും അടുത്ത ദിവസം തന്നെ ചേട്ടൻെറ പേരിൽ അയക്കുകയും ചെയ്തു. നാണുവിൻെറ ദിനരാത്രങ്ങൾ മാറ്റമില്ലാതെ തുടർന്നു. വരിവരിയായി നിൽക്കുന്ന റബ്ബർ മരങ്ങളുടെ ചുവട്ടിൽനിന്നു മൂന്നടി ഉയരത്തിൽ തുടങ്ങി ഒരിഞ്ച് വീതിയിൽ ചുറ്റിലുമുള്ള തോലു ഒരൽപം മുകളിലേയ്ക്കു ചെരിച്ച് ആദ്യം ഒരടിയും തുടർന്ന് ഓരോ അടി വീതവും വെട്ടിയെടുത്തിട്ടു തുടങ്ങിയ സ്ഥാനത്ത് ഓരോ പാത്രവും ഉറപ്പിച്ചുവെക്കും. നല്ല പശുവിൻപാൽ പോലുള്ള കറ വന്നു പാത്രത്തിൽ വീഴും. അടുത്ത ദിവസം പാത്രത്തിലെ പാൽ മറ്റൊരു വലിയ പാത്രത്തിലേക്കു സംഭരിച്ചിട്ടു പാത്രം പഴയ സ്ഥാനത്തു തന്നെ വെക്കുകയും മരത്തിൻെറ തോൽ കുറച്ചു കൂടെ നീളത്തിൽ വെട്ടിയെടുക്കുകയും ചെയ്യുന്നു. രാവിലെ 6 മണി മുതൽ പണിക്കാർ ഓരോ മരങ്ങളുടെ ചുവട്ടിലേക്കു നീങ്ങുന്നു. ഇവരെക്കൊണ്ടു പണിയെടുപ്പിക്കലും പാലിൻെറയും പണിക്കാരുടെയും കണക്കുകൾ കൃത്യമായി ആഫീസിൽ ഏൽപ്പിക്കുകയും ആണു നാണുവിൻെറ ജോലി. ഈ തരത്തിൽ ശേഖരിക്കുന്ന പാൽ പല രൂപത്തിലും തരത്തിലും ഉണക്കിയെടുത്ത് വിദേശങ്ങളിലേക്ക് അയയ്ക്കുന്നു. ഈ റബർ ഉൽപ്പന്നങ്ങളിലൂടെ മലയാ ഫെഡെറേഷൻ ഏറ്റവും വലിയ സാമ്പത്തിക ശേഷിയാർജ്ജിക്കുന്നു. ഈയം ഉൽപത്തിയാണ് മലയായുടെ മറ്റൊരു പ്രകൃതി വിഭവം. ബ്രിട്ടീഷ് ഭരണകാലത്ത് ഇവിടെ ജോലി ചെയ്യുന്നതിനു വിദേശങ്ങളിൽ നിന്നും - കൂടുതലും ഇൻഡ്യയിൽ നിന്നും ശ്രീലങ്കയിൽ നിന്നും വേലക്കാരെ കൂട്ടം കൂട്ടമായി കൊണ്ടുവരുമായിരുന്നു.

ഒരു ദിവസം മാനേജർ നാണുവിനെ ആഫീസിലേക്കു വിളിപ്പിച്ചു. നാണുവിൻെറ സ്ഥിരോത്സാഹവും കൃത്യനിഷ്ഠയും പ്രകീർത്തിച്ചുകൊണ്ടു ഒരു സർട്ടിഫിക്കേറ്റും മൂന്നു മാസത്തെ അവധിയും കൊടുത്തു. മാത്രമല്ല ഈ അവധിയിൽ നാണു വിവാഹം കഴിച്ചു ഭാര്യയുമായി വരണമെന്നും ഉപദേശിച്ചു. കമ്പനി തന്നെ യാത്രക്കുള്ള ടിക്കറ്റും കയ്യിൽ കൊടുത്തു. നാണു വിവരം ജേഷ്ഠനെ അറിയിച്ചു. നിശ്ചിത ദിവസം തന്നെ നാട്ടിൽ എത്തുകയും ചെയ്തു. പതിവു പോലെ വേണ്ടപ്പെട്ടവരെല്ലം എത്തി. സന്തോഷവും സമ്മാനങ്ങളും പങ്കിട്ടു പോയി. വിവാഹാലോചനകൾ പലതും വന്നു. ജ്യേഷ്ഠനു എപ്പോഴും തെരക്കാണു. നാണുവിൻെറ പ്രായം പ്രശ്നമായി. ഒന്നു രണ്ടു ആലോചനകൾ - ബന്ധം വേർപെടുത്തിയ സ്ത്രീകൾ - വന്നു. ജ്യേഷ്ഠൻ അവരെ കളിയാക്കി പറഞ്ഞുവിട്ടു. അപ്പൊഴേക്കും നാണുവിൻെറ അവധിക്കാലം കഴിഞ്ഞു. ഇനി ഏതായാലും എനിക്കു വിവാഹം ആലോചിക്കേണ്ടതില്ലെന്നു പറഞ്ഞിട്ടു നാണു വീണ്ടും മലയായിലേക്കു യാത്രയായി. റബ്ബർ മരങ്ങൾ കാറ്റിൽ ആടി കുറെ പഴുത്ത ഇലകൾ വർഷിച്ച് നാണുവിനെ സ്വാഗതം ചെയ്തു. ആഫീസിൽ ചെന്നപ്പോൾ അവിടെയുണ്ടായിരുന്നവർ നാണുവിനോടു എന്തൊക്കെയോ ചോദിക്കുന്നുണ്ടായിരുന്നു. നാണു മൂകനായി മുറിയുടെ താക്കോലുമായി പുറത്തിറങ്ങി നടന്നു.

നാണുവിൻെറ ജീവിതത്തിലും പെരുമാറ്റത്തിലുമൊക്കെ ഒരു വല്ലാത്ത മാറ്റമുണ്ടായി. തോട്ടം മുഴുവനും ഓടിനടന്നു ജോലി ചെയ്തിരുന്ന - ജോലിക്കാരുടെയും ഉദ്യോഗസ്ഥരുടെയും മുഴുവൻ - സ്നേഹവും ബഹുമാന്യതയും പിടിച്ചു പറ്റിയിരുന്ന നാണു - അതിൽ നിന്നെല്ലാം വ്യത്യസ്തനായി മാറിക്കൊണ്ടിരുന്നു. വർഷങ്ങൾ ആർക്കു വേണ്ടിയും കാത്തു നിന്നില്ല. നാണുവിൻെറ ആരോഗ്യനിലയിലും മാറ്റം വന്നു. ജോലിയിൽ നിന്നു വിരമിക്കുന്നതിന് മാസങ്ങൾ ഉള്ളപ്പോൾ മാനേജർ നാണുവിനെ വിളിപ്പിച്ചു. നാണുവിന് ഇനിയും ചില മാസങ്ങൾ കൂടി വേല ചെയ്യാൻ കഴിയുമെങ്കിലും എപ്പോൾ വേണമെങ്കിലും വേല നിറുത്തി പോകാമെന്ന് അറിയിച്ചു. ഒരാഴ്ച്ച കഴിഞ്ഞപ്പോൾ നാണു വേല നിറുത്തുന്നതായി അറിയിച്ചതനുസരിച്ച് തിരിച്ച് പോകുന്നതിനുള്ള എല്ലാ ഏർപ്പാടുകളും കമ്പനി ചെയ്തു,

നാണു ക്വാലാലമ്പൂർ വിമാനത്താവളത്തിൽ നിന്നു പുറപ്പെടുമ്പോൾ യാത്രയാക്കാൻ വളരെക്കാലം അയാളോടൊന്നിച്ച് വേലചെയ്തിരുന്ന രണ്ടാളുകളും ആഫീസിൽ നിന്നയച്ചിരുന്ന ഒരു പ്രതിനിധിയും ഉണ്ടായിരുന്നെങ്കിലും നാണു അവരെയെല്ലം ഒന്നു നോക്കിയിട്ടു അധോമുഖനായി ഒരു സഞ്ചിയുമെടുത്തു കടന്നു പോയി. തിരുവനന്തപുരത്ത് വിമാനത്താവളത്തിൽ നിന്നു പുറത്തു വന്നപ്പൊഴേക്കും ജ്യേഷ്ഠൻ വണ്ടിയുമായി കാത്തു നിന്നിരുന്നു. അപ്പോഴും നാണു ജ്യേഷ്ഠനൊപ്പം അധോമുഖനായിത്തന്നെ നടന്നു നീങ്ങി. വീട്ടിൽ പതിവു പരിവാരങ്ങളെല്ലാമുണ്ടായിട്ടും ആരോടും ഒന്നും സംസാരിക്കാതെ മുറിക്കുള്ളിൽ കയറി കതകടച്ചു. ആരൊക്കെ ശ്രമിച്ചിട്ടും കതകു തുറന്നില്ല. അടുത്ത ദിവസം മുതൽ പതിവായി ആൽത്തറയിൽ വന്നിരിക്കുന്നു - ആരുമില്ലാത്ത - എല്ലാപേരെയുമറിയാവുന്ന - ഒരു പ്രവാസി.



# ഏഴാം കടലിനക്കരെ

ഉല്ലാസ്

(ഇത് ഒരു സംഭവകഥയല്ല. മരിച്ചവരോ മരിച്ചു. ജീവിച്ചിരിക്കുന്നവർക്കാർക്കും ഇതിലെ നായകൻ താനാണോ എന്ന് സംശയം വരുത്തല്ലേ, ഈശ്വരാ, എന്നു പ്രാർത്ഥിച്ചുകൊണ്ട്...)

“ടക്...ഠിം...” എന്ന് കതക് പിന്നിൽ അടഞ്ഞതു കേട്ടു കൊണ്ടാണു തിരിഞ്ഞു നോക്കിയത്. പെരുവിരലിൽ നിന്ന് ഒരു തരിപ്പ് തലമണ്ടയിലേക്കു കയറി. സപ്തനാഡികളും ഒരു നിമിഷത്തേക്ക് നിലച്ചതു പോലെ. ചെവികളിൽ രക്തം ഇരച്ചു കയറി അവയെ ചെമ്പരത്തി പ്പൂവാക്കി. പരിഭ്രമം ഉള്ളിൽ നിന്നും എന്തെല്ലാം വഴികളിലാണു പുറത്തു വരുന്നത്! “ഇത് അമേരിക്കയാണു മോനെ, അമേരിക്ക...” എന്ന് ഉള്ളിൽ നിന്ന് ആരോ വിളിച്ചു പറയുന്നതു പോലെ.

ലോകതലസ്ഥാനമായ അമേരിക്കയിൽ എത്തുകയെന്നുള്ളത് എന്നത്തേയും ഒരു ആഗ്രഹമായിരുന്നു. വീട്ടിൽ നിന്നും സ്വന്തം കാറോടിച്ചു പോയി, പാർക്ക് ചെയ്ത്, നാട്ടുകാരൻെറ ടാക്സിയോടിച്ചു ജീവിക്കുന്ന സാധാരണക്കാരൻെറ അമേരിക്ക. വാദിക്കും പ്രതിക്കും തോക്ക് വിറ്റ്, നടുവിൽ ചീന്തുന്ന രക്തം കുടിക്കുന്ന അമേരിക്ക. അസന്തുലിതമായ ലോകത്തിലെ അശാന്തിയുടെ “പോക്കറ്റുകൾ” കണ്ടുപിടിച്ച് ശാന്തിയുടെ വെള്ളരിപ്രാവുകളെ പറത്തുന്ന, ചെകുത്താന്മാരുടെ അച്ചുതണ്ടിൻെറ കരാള ഹസ്തങ്ങളിൽ നിന്നും ലോകത്തിനു മുക്തി നൽകുന്ന സ്ഥിതികർത്താവ്. അസംസ്കൃതരുടെ ജീവനിൽ പന്തയംവച്ച് കീശവീർപ്പിക്കുന്നവരുടെ അമേരിക്ക, ഇനിയെന്നാണോ സ്വന്തം പൈതൃകത്തിൻെറ ആണ്ടുബലി പ്രവചിക്കാൻ ഒരു “ബെറ്റിങ് സെൻറർ” തുടങ്ങുന്നത്...

അതൊക്കെപോട്ടെ, നമുക്കു കഥയിലേക്കു വരാം. കന്നി സന്ദർശനത്തിൻെറ ആലസ്യത്തിൽ വിരസമായ ഒരു രാത്രിയിലാണു മേൽ വിവരിച്ച സംഭവം നടക്കുന്നത്. ആഢംബരത്തിൻെറ ആദ്യത്തെ വാക്ക് എന്നു സ്വയം വിശേഷിപ്പിക്കുന്ന ഒരു ഹോട്ടലിലാണു അന്തിയുറങ്ങാൻ തരമായത്. ആദ്യത്തെ സന്ദർശനമായതുകൊണ്ടും ശരീരം ശരിക്കും സമയവ്യത്യാസവുമായി പൊരുത്തപ്പെട്ടിട്ടില്ലാത്തതിനാലും പകൽ സമയത്ത് അധികമൊന്നും കഴിക്കാനായില്ല. നല്ല വിശപ്പും “റൂം സർവീസ്” മെനുവിൽ സ്വദിഷ്ടമായ വിഭവങ്ങളുടെ പടങ്ങളും. ഒട്ടും അമാന്തിക്കാതെ സാമാന്യം നല്ലരീതിയിലുള്ള ഒരു അത്താഴം മുന്നിലെത്തി. ശുഭരാത്രി ആശംസിച്ചു കൊണ്ടു “റൂം ബോയ്” പോയി. ഞൊടിയിടയിൽ കുളി കഴിച്ച് പാത്രങ്ങൾ കാലിയാക്കി. ആഹാ, എന്തൊരാശ്വാസം!

നമ്മളും അൽപ്പം സംസ്കൃതരാവണമല്ലൊ. രാത്രി മുഴുവൻ പാത്രങ്ങൾ റൂമിനുള്ളിൽ തന്നെയിരുന്ന് ഉണങ്ങിപ്പിടിച്ചാലോ? ഭക്ഷണം കഴിഞ്ഞ് പാത്രങ്ങൾ റൂമിനു പുറത്ത് നിക്ഷേപിക്കണമെന്നുള്ള കുറിപ്പ് കൂടി മേശപ്പുറത്ത് കണ്ടപ്പോൾ കർത്തവ്യബോധം ഉണർന്നു. പാത്രങ്ങളെല്ലാം എടുത്ത് വാതിലിനടു ത്തേയ്ക്ക് നടന്നു. തനിയേ അടയാനായി “സ്പ്രിങ്ങ്” പിടിപ്പിച്ചിട്ടുള്ള വാതിൽ ഒരു കൈകൊണ്ട് ബുദ്ധിമുട്ടി തുറന്ന് പാത്രങ്ങൾ താഴെവയ്ക്കാൻ ശ്രമിച്ചു. അപ്പോഴാണതാ, തൊട്ടപ്പുറത്തായി ഒരു ട്രോളി. ഭക്ഷണം കൊണ്ടു വന്നതാണെന്ന്

തോന്നുന്നു. എന്നാൽപ്പിന്നെ പാത്രങ്ങൾ അതിൽത്തന്നെ വച്ചു കളയാം. വാതിലിലെ പിടിവിട്ട് മുന്നോട്ടു നടന്ന് പാത്രങ്ങൾ ട്രോളിയിൽ വച്ചു.

"ടക്...ഠിം..." സംഗീതം പൊഴിച്ചുകൊണ്ടു വാതിൽ അടഞ്ഞു. താക്കോൽ കൈയിലില്ല, ഇത്തരം വാതിലുകൾ പുറത്ത്നിന്ന് താക്കോൽ കൊണ്ടുമാത്രമേ തുറക്കാനാവൂ. കാന്തിക താക്കോലുകൊണ്ടുള്ള വാതിൽ തുറക്കാനുള്ള പ്രാഥമിക ശ്രമങ്ങളെല്ലാം വിഫലമായി.

ഞെട്ടിപ്പിക്കുന്ന മറ്റൊരു സത്യം അപ്പോഴാണു മനസിലായത്. കുളികഴിഞ്ഞ് മാറ്റിയുടുത്ത മുണ്ട് മാത്രമേ ദേഹത്തുള്ളൂ. ഒരു ബനിയനും "ബാത്ത് റൂം" ചപ്പലുകളുമെങ്കിലും ഉണ്ടായിരുന്നെങ്കിൽ എന്നാശിച്ചു പോയി. ഇനി ലിഫ്റ്റ് കയറി താഴെ "റിസെപ്ഷനിൽ" പോയി മറ്റൊരു താക്കോൽ വാങ്ങണം. വിയർത്തു. എങ്ങനെ വിയർക്കാതിരിക്കും?

രണ്ട് വൃദ്ധ ദമ്പതികൾ വരാന്തയിലൂടെ വന്നു. "അമേരിക്കയിൽ പലവേഷങ്ങളും കണ്ടിട്ടുണ്ട്, പക്ഷെ ഇങ്ങനെ ഒരെണ്ണം ആദ്യമാണ്." എന്ന രീതിയിൽ ഒരു നോട്ടവും ചിരിയും സമ്മാനിച്ചുകൊണ്ടു അവർ കടന്നു പോയി. തൊലി ഒരൽപ്പം ഉരിഞ്ഞ് പോയതു പോലെ.

എന്നാലും അപ്പോൾ വലിയൊരു ധൈര്യം കിട്ടി. ഇനി ആലോചിച്ചു നിന്നിട്ടു കാര്യമില്ല തന്നെ. നേരെ നടന്നു, ലിഫ്റ്റിലേക്ക്. അതു കാത്തുനിൽക്കുന്നവരുടെ ആപാദചൂടമുള്ള നോട്ടമാണു അവിടെ എതിരേറ്റത്. "ഇനി കാട് കയറാൻ ബാക്കിയുള്ള വല്ല റെഡ് ഇന്ത്യനുമാവുമോ" എന്ന രീതിയിൽ.

അങ്ങനെ വല്ല വിധേനയും റിസെപ്ഷനിൽ എത്തിയപ്പോൾ അവിടെ ഒരു പൂരത്തിനുള്ള ആളുണ്ട്. ഒരു പാർട്ടി കഴിഞ്ഞ് തിരിച്ചു പോകുന്നവർ, പുതുതായി ചെക്ക്-ഇൻ ചെയ്യാനെത്തിയവരുടെ മറ്റൊരു കൂട്ടം അങ്ങനെയങ്ങനെ. എല്ലാവരേയും നോക്കി ചിരിച്ചു. കൗണ്ടറിലെത്തിയപ്പോഴാണു പിന്നെയും പ്രശ്നം, അവിടിരിക്കുന്ന സുന്ദരിപ്പെണ്ണിനു വല്ലാത്ത സംശയം. അവസാനം ഒരുപാട് ചോദ്യോത്തരങ്ങൾക്കും വിസ്താരങ്ങൾക്കുമൊടുവിൽ പുതിയ ഒരു താക്കോൽ അനുവദിച്ചു കിട്ടി. അതുമായി റൂമിലേക്കോടിയ വഴിയിൽ പിന്നെ പുല്ലു കിളിർത്തിട്ടുണ്ടാവില്ല.

മോറൽ ഒഫ് ദ സ്റ്റോറി: പിന്നീടിതുവരേയും ഇതുപോലുള്ള അവസരങ്ങളിൽ ഭക്ഷണത്തിനു മുൻപു കുളിക്കണമെന്നു തോന്നിയിട്ടില്ല. "ഉണ്ടിട്ടു കുളിച്ചു" കഴിഞ്ഞാൽ റൂമിനു പുറത്തിറങ്ങാത്തതിനാൽ "കണ്ടാൽ കുളിക്കാൻ" സൗകര്യം നൽകാറുമില്ല. അങ്ങനെ മറ്റുള്ളവർ ഈ ചെലവിൽ കുളിക്കേണ്ട!

# acknowledgements

- Mr. Gopinath Pillai BBM for kindly consenting to be our Guest of Honour for the OnamNite 2003 show.
- Advisor of Singapore Kerala Association, Mr. S. Iswaran MP for West Coast GRC for being our strong pillar of support
- Artistes from Kerala - Jagathy Sreekumar, Mamu Koya and Franko for agreeing to come and perform for the OnamNite 2003 show.
- All local artistes, and particularly Sangeetha, for their contributions, participation and co-operation amidst their professional, family and personal commitments and responsibilities.
- Haniffa Textiles for being the main sponsor for the OnamNite 2003 and consistent support for all SKA activities
- All invited guests for their active support and participation.
- Chairman & members of the Cultural Committee for the efforts in organizing the show & and the logistics.
- Chandran Nair & Jaya Sree for being the comperes for the show
- The management & staff of Victoria Theatre for their assistance and co-operation
- Stage management team for managing the show
- All volunteers and all those who have in one way or the other helped to produce the show
- All contributors who spent a lot of efforts in their creative work and reasearch
- All advertisers for their generous support
- All donor members for their financial help
- Xpress Prints for the co-operation in artistic design support and printing this publication
- Chairmen & Members of all SKA sub-committees for the excellent co-operation for SKA functions
- Above all, all members and well wishers of the Singapore Kerala Association, for the whole hearted support of SKA programmes and events and participation
- Last, but not least, YOU, the Onam Nite 2003 audience, for your kind patronage.

---

List of Advertisers:

| No. | Type | Advertiser | Page # | No. | Type | Advertiser | Page # |
|---|---|---|---|---|---|---|---|
| 1. | QP8 | Anacaona | 36 | 17 | FP6 | KNP Trading | 12 |
| 2. | HP10 | Anarkali | 28 | 18 | QP6 | Lady Fair | 36 |
| 3 | FP2 | Bharath Watch | 2 | 19 | QP7 | Latha Music | 36 |
| 4 | HP3 | C&H Real Estate | 22 | 20 | QP3 | MG Nath | 30 |
| 5 | FP3 | Chip Lee Jewellers | 4 | 21 | BCI | MMI | Cover |
| 6. | HP1 | Choice Travel | 6 | 22 | QP1 | Mrs Lloyd | 30 |
| 7. | FP4 | Esmail & Ahmed | 8 | 23 | CFP1 | Mustafa Centre | 75 |
| 8. | FP5 | Hira Singh & Sons | 10 | 24 | QP9 | New India Casket | 38 |
| 9. | FP1 | India Tourism | 16 | 25 | HP6 | PP Mathews | 24 |
| 10. | BCO | Indian Airlines | Cover | 26 | HP8 | Sembawang Tamil's Association | 26 |
| 11. | QP4 | Indian Bank | 30 | 27 | FCI | Silkair | Cover |
| 12. | HP5 | International Agencies | 24 | 28 | CFP2 | Singapore Pools | 76 |
| 13. | HP7 | Jurong Banana Leaf | 26 | 29 | FP7 | Swee Choon Co Pte Ltd | 18 |
| 14 | QP5 | Karthika | 36 | 30 | FP8 | Tai Eng Pvt Ltd | 20 |
| 15 | HP4 | Kerala Cuisine | 22 | 31 | QP2 | Vidyarambham | 30 |
| 16 | HP2 | KGM | 6 | 32 | HP9 | Vinoth Store | 28 |
| | | | | 33 | HP11 | UCO Bank | 38 |

| | | | | | | | |
|---|---|---|---|---|---|---|---|
| FCI | Front Cover In | BCI | Back Cover In | FP | Full Page | QP | Quarter Page |
| BCO | Back Cover Out | CFP | Color Full Page | HP | Half Page | | |

# DIPLOMA • CERTIFICATE IN PRE-SCHOOL EDUCATION

## MOE & MCDS ACCREDITED PROGRAMMES



### CERTIFICATE IN PRE-SCHOOL TEACHING

Entry requirement: Min. 3 'O' level passes including English

Approved for SRP Subsidy

### DIPLOMA IN PRE-SCHOOL TEACHING

Entry requirement: Min. 5 'O' level passes including English or CPT

Approved for SDF Subsidy

**Modules**

- Principles and Practices in Pre-School Education
- The Developing Child
- Curriculum Studies, Pedagogy and Montessori
- Health & Safety
- Personal Growth and Development
- Inclusive of Montessori Philosophy and Practices

**Day / Evening Classes**

MMI® Modern Montessori International (LONDON)

*A LEADER in Montessori Pre-school Education*

Email: mmtci@singnet.com.sg
www.modern-montessori.com



**Contact us: 6235 4600**

### DIPLOMA IN MONTESSORI METHOD OF EDUCATION

The one-year part-time Diploma is designed for individuals wishing to have a firm understanding of child development, effective parenting skills and the Montessori philosophy. It is awarded by MMI, London.

**Course Structure**
Montessori Philosophy • Child Development • Curriculum Planning • Early Years Environment • Montessori Curriculum • Exercises of Practical Life • Sensorial Training • Language (Reading and Writing) • Mathematics • Cultural Subjects (Botany, Zoology, History & Geography)

External Study is also available.
*Eligible for Bachelor of Teaching degree programme from Charles Sturt University, Australia*

## ENROL IN OUR PRE-SCHOOL CENTRES

**Childcare Centres**

| | |
|---|---|
| Ang Mo Kio | 6456 2926 |
| Kee Sun | 6244 0321 |
| Phoenix Walk | 6762 0117 |
| Bukit Arang | 6382 0002 |
| Kovan | 6289 8133 |
| Claymore | 6738 2131 |
| Woodlands | 6369 0700 |
| West Coast | 6774 4146 |

**Enrichment Centres**

| | |
|---|---|
| Orchard | 62354600 |
| Jurong East | 65655055 |
| Bukit Timah | 68940700 |
| Thomson | 65521020 |
| Holland | 64685855 |
| Tampines | 67879980 |
| Woodlands | 68933321 |
| Jurong West | 65644564 |

**Corporate HQ**
400 Orchard Road
#24-10 Orchard Towers
Singapore 238875
Tel: (65) 6235 4600
Fax: (65) 6235 3086

**Kindergarten**
12 Kee Sun Avenue
Tel:62440321
(Bedok/East Coast)

ISO 9001 SGS · UKAS Quality Management 005
Certificate No. QSP00205

# Your home in the sky




## Indian Airlines

Indian Airlines the flag carrier of India have a fleet of fifty-six aircraft operating to sixty-one domestic destinations within India and seventeen outside India from Middle-East or Gulf to South East Asia.

Indian Airlines is operating twenty-one flights per week from Singapore to different destinations. A daily service to Bangalore, Bangkok, Chennai and Delhi (via Bangkok) at most convenient timings that an Airline could offer to its passangers.

In addition to the convenient timings, we offer the most competitive fares, excellent in-flight services with the best of Indian hospitality and Indian food.

### Flights from Singapore

- Daily flight to Delhi (via Bangkok)
  Departure: 0750
  Arrival: 1210
- Daily flight to Bangkok (Thailand)
  Departure: 0750
  Arrival: 0855
- Daily flight to Chennai
  Departure: 0825
  Arrival : 0945
- Daily flight to Bangalore
  Departure: 1105
  Arrival: 1240

इंडियन एयरलाइंस

इंडियन एयरलाइंस
Indian Airlines